അമ്പിളി അമ്മാവൻ

കുട്ടികളുടെ കഥാമാസിക

1st Mar. '54

6

M.T.V. Acharya

Ambili ammavan, **Mar. '54** Photo by P. K. Patel



തിരഞ്ഞെടുത്ത
പേര്‍:

"ഭൃത്യനിഷ്ഠ"

ആളുടെ പേര്‍
എൻ. സുബ്രഹ്മണ്യൻ

ചന്ദമാമാ പബ്ളിക്കേഷൻസിന്റെ

അപരോപഹാരം

*

ചന്ദാമാമ

(ഗുജറാത്തി)

*

ചന്ദമാമാ നിലയത്തിൽനിന്നു പുറപ്പെടുന്ന
മറെറാരു ഭാഷാപ്രകാശനം

ഒററപ്രതി 0—6—0 :: വാർഷികം 4—8—0

ഏജൻസിക്കെഴുതുക

ആവശ്യമുണ്ട്!

ഏജന്റുമാരില്ലാത്തിടത്തിൽ അമ്പിളിഅമ്മാവന്ന് ചെറിയ ഏജന്റുമാരെ ആവശ്യമുണ്ട്.

എളുപ്പ വഴി! മികച്ച നേട്ടം!

ഏജൻസിക്കു ഡിപ്പോസിററു വേണ്ട.

നിങ്ങൾ **2** ക. അയക്കുക — നിങ്ങൾക്ക് **7** കോപ്പികൾ കിട്ടും.

7 കോപ്പിക്കു വില 2 ക. 10 ണ.
നിങ്ങൾ അടക്കുന്ന തുക 2 ക. മാത്രം.
നിങ്ങളുടെ ലാഭം 10 ണ.
പോരെ? 2 ക. യിൽ 10 ണ. ലാഭം!

അങ്ങിനെ ഓരോ രണ്ടുറുപ്പികക്കും ഏഴേഴു കോപ്പികൾ വീതം കിട്ടുന്നതാണ്. ഉടൻ, അപേക്ഷിക്കുക.

മാനേജർ
ചന്ദമാമാ പബ്ളിക്കേഷൻസ്
വടപഴനി — മദ്രാസ് - 26

വിഷയാനുക്രമണിക

*

വിഷയം ഭാഗം
ഈശ്വരാനുഗ്രഹം (പദ്യം) 6
കാഞ്ചന നീതി 9
അത്ഭുതാംഗനകൾ (തുടച്ച്ക്കഥ) 13
കൊച്ചുകഥകൾ 22
പുഷ്പഗിരി 24
പണി പററി 29
സത്രം 33
ബാലിയുടെ പൂജ 40
സത്യസന്ധത 45
ഇന്ദ്രജാലം 50
ശിശുസംരക്ഷണം 52
പൊടിക്കാശ് 53
ഒന്നിന്നു; മറെറാരു മുറി നാളെ 58
പടപ്പേർമത്സരം
(മററു പലതും)

പ്രസാദ് പ്രോസസ്

നവീന യന്ത്രങ്ങൾ, നൈപുണ്യമുള്ള തൊഴിലാളികൾ!

ലൈൻ, ഹാഫ്ടോൺ, രണ്ടും കലന്ന കളർബ്ലാക്കുകൾ മററും അച്ചടിത്തൊഴിലിന്നു വേണ്ട ബ്ലാക്കുകൾ പറഞ്ഞ സമയത്തിന്നു ഉയന്ന തരത്തിൽ തയ്യാറാക്കി കൊടുക്കപ്പെടും.

അമ്പിളി അമ്മാവനിൽ കാണുന്ന വണ്ണപ്പടങ്ങളും ബ്ലാക്കുകളും ഞങ്ങൾ തയ്യാറാക്കുന്നവയാണ്.

കൂടുതലറിവാൻ :

പ്രസാദ് പ്രോസസ്
2 & 3 - ആർക്കാട് റോഡ്
വടപഴനി :: മദ്രാസ്-26

വരിക്കാർക്കുള്ള മുഖ്യ അറിയിപ്പുകൾ

1. വരിക്കാർ അവരവരുടെ എഴുത്തുകുത്തുകളിൽ വരിസംഖ്യാനമ്പർ തെററില്ലാതെ എഴുതേണ്ടതാണ്. വരിസംഖ്യാനമ്പർ എഴുതാത്ത കത്തുകൾ ശരിയായി പരിഗണിക്കപ്പെടുന്നതല്ല.

2 വിലാസത്തിൽ (അഡ്രസ്സ്) മാററം ഉണ്ടാകുമ്പോൾ ഉടനെ അറിയിക്കുന്നതോടൊപ്പം പുതിയ വിലാസത്തെ തെളിവായി ഞങ്ങളെ എഴുതി അറിയിക്കേണ്ടതുമാണ്.

3. പ്രതികൾ കിട്ടാത്തപക്ഷം ഓരോ മാസവും 10-ാംനു-ക്കുള്ളിൽ ഞങ്ങളെ അറിയിക്കേണ്ടതാണ്. അതിന്നുശേഷം വരുന്ന കത്തുകളെ പരിഗണിക്കുന്നതല്ല.

മാനേജർ,
അമ്പിളി അമ്മാവൻ



നടുക്കള പഴങ്ങൾ വെക്കപ്പെട്ടതും

പ്രകൃതിസിദ്ധമായ വിററമിൻ അടങ്ങിയതുമായ മിഷ്ടികൾക്കു പുറമെ ക്രീം ടോഫികൾ, ബാർലീ പഞ്ചസാര ലോല്ലികൾ, പെപ്പർമിൻറ് ലോസഞ്ജുകൾ മുതലായ നൂറിലധികം തരങ്ങൾ മോർട്ടൺ മിഷ്ടികളും കിട്ടുന്നതാണ്.

MORTON SWEETS

ഇന്ത്യയിലെ ഏക എയർകണ്ടിഷൻ ചെയ്ത മിട്ടായി തൊഴിൽശാലയിൽ ഉണ്ടാക്കപ്പെടുന്നു.

ASP-M-21



അതു സ്വാദിഷ്ടമാണ് ...

എന്നും അഭിനവരുചിയുളവാക്കുന്ന ബിസ്കറ്റ്! മേത്തരം ജീവകങ്ങളുള്ളവ! പാലും ഗ്ലൂക്കോസും അടങ്ങിയതു് !!

ജെ. ബി. മംഗാരാം & കം. ഗ്വാലിയോർ
മദ്രാസ് ഏജൻറ് :
നാഷനൽ ഏജൻസീസ്, 1/94-രാമസ്വാമി വീഥി

നൂറീഷിംഗ്
ബിസ്കറ്റ്

കുട്ടികളുടെ ആരോഗ്യത്തിന്നു വേണ്ടിയുള്ള ടോണിക്ക്

★

ഡോൺഗ്രേയുടെ ബാലാമൃതം

K. T. Dongre & Co, Bombay-4

അമ്പിളി അമ്മാവൻ

കുട്ടികളുടെ

ചിത്രകഥാമാസിക

ഒററപ്രതിക്ക്	0	6	0
ഒരു കൊല്ലത്തേക്ക്	4	8	0
രണ്ടു കൊല്ലത്തേക്ക്	8	0	0

ചന്ദമാമാ പബ്ലിക്കേഷൻസ്
പോസ്റ്റ് :- വടപഴനി
മദ്രാസ് – 26

വാല്യം 2–ലക്കം 12
മാർച്ച് 1954

ഒററപ്രതി 0–6–0
വാർഷികം 4–8–0

അമ്പിളി അമ്മാവൻ

നിർവ്വാഹകപത്രാധിപർ : ചക്രപാണി

അമ്മാമന്റെ മരുമക്കൾ ഇത്ര നന്ദിയില്ലാത്തവരാണെന്നറിഞ്ഞില്ല. പല മരുമക്കളും ‘പേജു കൂട്ടണം, കഥ കൂട്ടണം’ എന്നൊക്കെ പറഞ്ഞു ആയിരക്കണക്കിൽ കത്തെഴുതിയിരുന്നു. മരുമക്കളുടെ ഇഷ്ടം നോക്കി നടക്കേണ്ട കാലമല്ലെ ഇതു് എന്നുവെച്ചും അവർക്കു കൂടുതൽ വായിച്ചു രസിക്കാൻ വകയായ്ക്കോട്ടെ എന്നു വിചാരിച്ചും കഴിഞ്ഞ ജനുവരി മുതൽ അമ്മാമൻ പുസ്തകത്തിൽ നാലു പേജു കൂട്ടുകയും ചെയ്തു. എന്നാൽ ആ സന്തോഷവർത്തമാനത്തിന്നു ഒരൊററ മരുമകനെങ്കിലും നന്ദി പ്രകടിപ്പിച്ചു കത്തെഴുതിയില്ല. അവനവന്റെ കാര്യം സാധിച്ചാൽ പിന്നെ എന്തിനാ അമ്മാമൻ അല്ലെ? പക്ഷെ അതുകൊണ്ടൊന്നും അമ്മാമന്നു പരിഭവമില്ല കെട്ടോ. നിങ്ങൾക്കു തൃപ്തിയായാൽ അതുതന്നെയാണു് അമ്മാമന്റെയും തൃപ്തി! എങ്കിലും മരുമക്കളായ നിങ്ങൾ കൂടുതൽ കൃത്യബോധത്തോടും കൃത്യനിഷ്ഠയോടും വർത്തിച്ചുകാണുവാൻ അമ്മാമൻ ആഗ്രഹിക്കുന്നു.



ഈശ്വരാനുഗ്രഹം

ദരിദ്രയായുള്ളൊരു നാരി നിത്യം
കരത്തിലേന്തും ശിശുവോടുകൂടെ;
അടുത്ത കാട്ടിൽ വിറകും പെറുക്കി
തിരിച്ചുവന്നായതു വിറ്റുപോന്നാൾ.

വനത്തിൽ, വൃക്ഷത്തണലിൽ കിടാനെ
തനിച്ചുറക്കീട്ടവളങ്ങുമിങ്ങും;
തനിച്ചുപോയിന്ധനവും പെറുക്കി-
ത്തിരിച്ചുപോവുന്നതുതാൻ വഴക്കം.

ഒരിക്കലമ്മട്ടു മരച്ചുവട്ടിൽ
വിരിച്ചു, തൻ കുഞ്ഞിനെയും കിടത്തി
തിരിച്ചിതായോൾ വിറകിന്നതിന്നുൾ
ശ്രവിച്ചിതെന്തോ പടുശബ്ദമെങ്ങോ!

തിരിഞ്ഞുനോക്കുന്നളവന്തികത്തിൽ
വരുന്ന മത്തേഭമൊരൊത്ത കൂറ്റൻ
ശരിക്കുമാ കുഞ്ഞു കിടന്ന ദിക്കിൽ
ഗമിച്ചിതാ വാരണ, മെന്തപായം!

വിറച്ചുനിന്നാളവളമ്പരന്നി-
ട്ടര ക്ഷണത്തിൽ മിഴി മഞ്ഞളിച്ചു
തകർന്ന തന്മാനസ, മുച്ഛ്വസിക്കാൻ
മുതിർന്നിടാതായവളങ്ങു നിന്നാൾ.

കെ. ശാരദ

ഉണൎന്ന കുഞ്ഞാ,നയെ നോക്കിനോക്കി
ചിരിച്ചതിൻമുമ്പിലണഞ്ഞുവന്നു
‘തനിയ്ക്കൊരാപത്തണയുന്ന’തെന്നോ-
ൎത്തൊഴിക്കുവാൻ ബാലനു ബുദ്ധിയു
[ണ്ടോ ?

അണഞ്ഞുവന്നു കരി, കുട്ടി മുമ്പിൽ
വിലങ്ങു നിന്നു, വിറപൂണ്ടിതമ്മ
പിടിക്കുവാനാനയെയാ കിശോരൻ
തുടിച്ചു കൈ നീട്ടിയണഞ്ഞു വേഗം.

കിടാങ്ങൾ നിഷ്കന്മഷചിത്തരല്ലീ?
കൊടുംവിചാരങ്ങളെഴാത്ത ശുദ്ധർ!
ജഗന്നിയന്താവവരെക്കടാക്ഷി-
ച്ചനുഗ്രഹിക്കും; പരിരക്ഷ ചെയ്യും!

കിടാവിനെക്കണ്ടളവാന മെല്ലെ-
നടന്നു കാലങ്ങു പകച്ചുവെച്ചു,
തൊടാതെ പോയി, ക്ഷണമോടിയെ
[ങ്ങോ ?
മറഞ്ഞു കാട്ടിൽ; ശിശു പിമ്പിലോടി!

വിറച്ചു കൈകാലുകൾ പേൎന്നിടാതെ
തളൎന്ന മാതാവതു കണ്ടു ചിത്തേ
വളൎന്ന മോദേന ജഗൽപുമാനെ
സ്തുതിച്ചു ചെന്നോമനയെപ്പുണൎന്നു.



മുഖചിത്രം

മധുരാപുരി വീഥികളിൽ ചെറിയൊരു കോളിളക്കമുണ്ടാക്കിക്കൊണ്ടു രാമകൃഷ്ണന്മാർ രാജധാനിക്കു നേരെ നടന്നു. കംസന്റെ ഹൃദയം തുടിക്കാൻ തുടങ്ങി! കൃഷ്ണനെ ഏതെങ്കിലും നിലക്കു കൊല്ലണമെന്നു കരുതി കംസൻ 'കുവലയാപീഡം' എന്ന മത്തഗജത്തെ ഒരുക്കിനിർത്തുവാൻ ആനക്കാരനു കല്പനകൊടുത്തു.

ആനക്കാരൻ ആനയെയും കൊണ്ടു തയ്യാറായി. രാമകൃഷ്ണന്മാർ വരുന്ന വഴിയിൽ പർവ്വതതുല്യമായ ആ ഭയങ്കരഗജം അലറി വഴിമുടക്കി നിന്നു. ആനയെക്കണ്ട രാമകൃഷ്ണന്മാർക്കു അതൊരു രസമായി തോന്നി. അവർ ആനയെ കുറെ നേരം കളിപ്പിച്ചു. ദേഷ്യത്തോടുകൂടെ ആന പലവുരു കൃഷ്ണനെ പിടിക്കുവാൻ ശ്രമിച്ചു. ആ അപ്രാപ്യനായ മായാമയനെ പിടിക്കാൻ ആർക്കുതന്നെ കഴിയും? ആനയും ആനക്കാരനും പതിനെട്ടടവുകളും നോക്കി. ഫലമൊന്നുമുണ്ടായില്ല. അവർ രണ്ടു കൂട്ടരും വളരെ ക്ഷീണിച്ചു.

സമയം വൈകുന്നുവെന്നു കണ്ടു കൃഷ്ണൻ ലീല നിർത്തി ആനയുടെ തുമ്പിക്കയ്യിൽ പിടിച്ചു. ആന സർവ്വശക്തിയുമുപയോഗിച്ചു കൃഷ്ണനെ പിടിച്ചു ഞെരിക്കുവാൻ ശ്രമിച്ചു. എന്നാൽ കൃഷ്ണൻ തന്റെ മൃദുല പാണികൊണ്ടു ആ മത്തഗജത്തിന്റെ മസ്തകത്തിലൊന്നടിച്ചു. അടി കൊണ്ട ആന വട്ടം ചുററി അലറി നിലം പതിച്ചു. കൃഷ്ണൻ അതിന്റെ ഒരു കൊമ്പും പറിച്ചെടുത്തു ബലരാമനോടുകൂടെ രാജമന്ദിരത്തിലേക്കു യാത്രയുമായി.

ആന ചത്തു വീഴുന്ന ശബ്ദം മധുരാപുരിയെതന്നെ ഒന്നു കുലുക്കി. കംസന്റെ ഹൃദയം അതിലേറെയും കുലുങ്ങി—അല്ല നടുങ്ങി. അതുവരെയും താനുപയോഗിച്ച സകല കുതന്ത്രങ്ങളും ഫലശൂന്യമായല്ലോ എന്ന ചിന്ത കംസന്റെ മസ്തിഷ്കത്തെ പുകച്ചു. ഇനി ഈ ബാലന്മാരെ കൊല്ലാൻ മററുപായങ്ങളെന്തെന്നാലോചിച്ചു വട്ടം കൂട്ടുവാനും തുടങ്ങി.

കാഞ്ചന നീതി

നാം അന്യരോടു പരിമാറുന്നതു മൂന്നു തരത്തിലാണ്. അതായതു 'അപകാരത്തിന്നു ഉപകാരം' ചെയ്യുക, 'ഉപകാരത്തിന്നു ഉപകാരം' ചെയ്യുക, 'ഉപകാരത്തിന്നു അപകാരം' ചെയ്യുക ഇങ്ങിനെ മൂന്നുവിധം. ഇതിന്നു ക്രമേണ 'കാഞ്ചന നീതി', 'രജതനീതി', 'ലോഹനീതി' എന്നു പറയാം. ഇതിൽ 'കാഞ്ചന നീതി' യാണു അത്യുത്തമം എന്നു പറയേണ്ടതില്ലല്ലൊ. തനിക്കു ഉപദ്രവം ചെയ്തവന്നു് ഉപകാരം ചെയ്യുന്നതല്ലെ ശ്ലാഘനീയം? അതല്ലെ നമ്മുടെ ആൎഷസംസ്കാരം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്? ഇതിനൊരു കഥ പറയാം. "പണ്ടു അജാതശത്രുവെന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം എല്ലാനിലക്കും സമ്മതനും സമൎത്ഥനുമായ രാജാവായിരുന്നു. മേലെഴുതിയപോലെ സൎവ്വദാ കാഞ്ചന നീതി സ്വീകരിച്ച മഹാമനസ്കനായിരുന്നു ആ മഹീപാലൻ.

ഒരുദിവസം അദ്ദേഹം ദർബാറിലിരിക്കയായിരുന്നു. ഇതിനിടെ ചാരന്മാർ പരിഭ്രമിച്ചോടിവന്നു പറഞ്ഞു 'പ്രഭോ, കാൎയ്യം കുഴപ്പത്തിലായി!'

രാജാവിന്നു ഇതുകൊണ്ടൊരു കുലുക്കവുമുണ്ടായില്ല. അദ്ദേഹം സാവകാശം, കാൎയ്യങ്ങൾ തുറന്നു പറയുവാനാജ്ഞാപിച്ചു.

'കലിംഗരാജാവു് വമ്പിച്ച സേനയുമായി നമ്മുടെ രാജ്യത്തെ ആക്രമിക്കാനൊരുങ്ങിയിരിക്കുന്നു' എന്നു പറഞ്ഞു ചാരന്മാർ. രാജാവിതുകേട്ടു സേനാധിപതിയോടു പറഞ്ഞു "വേഗം നമ്മുടെ സേനക്കു കല്പന കൊടുക്കുക. ക്ഷണത്തിൽ എല്ലാം തയാറാവണം. ഞാനും വരുന്നതാണു്." ഡർബാറും പിരിച്ചുവിട്ടു.

അല്പസമയത്തിന്നുള്ളിൽ കാഹളം മുഴങ്ങി. നാട്ടിന്റെ മട്ടൊന്നു മാറി. സ്വന്തകാൎയ്യങ്ങളുപേക്ഷിച്ചു സകല ജന

എം. വിശ്വനാഥൻ



ങ്ങളും നാടിനെ സംരക്ഷിക്കുവാൻ ആയുധമേന്തി. ആയുധപാണികളായ പടയാളികൾ കലികൊണ്ടു അണിനിരന്നു.

അജാതശത്രുവും അശ്വാരൂഢനായി ഖഡ്ഗവുമേന്തി പടക്കളത്തിലെത്തി. താൻതന്നെ സേനയെ നയിച്ചു കലിംഗസേനയോടേററുമുട്ടി. ഭീകരരണം തുടന്നു.

കലിംഗസേന തുലോം വലുതായിരുന്നു. പക്ഷെ അജാതശത്രുവിന്റെ ധീരപരാക്രമങ്ങളിലാവേശം കൊണ്ട സേന അദ്ദേഹത്തോടു കൂടി തോളോടുതോളു ചേന്നു പോരാടി. തൽഫലമായി കലിംഗസേന തോല്പിക്കപ്പെട്ടു ജീവിച്ച സ്വല്പം ചിലർ ഓടിയൊളിച്ചു!

* * *

അജാതശത്രുവും സേനയും സാരമില്ലെന്നായിരുന്നു കലിംഗരാജൻ കരുതിയതു്. പക്ഷെ യുദ്ധത്തിൽ തോററപ്പോഴാണു ആയാൾ അജാതശത്രുവിന്റെ ശക്തിയറിഞ്ഞതു്. കലിംഗഭൂപൻ പോക്കളത്തിൽനിന്നു ഓടി. അജാതശത്രുവിന്റെ പടത്തലവന്മാർ ആയാളെ പിടിച്ചുകെട്ടി തങ്ങളുടെ രാജാവിന്റെ മുമ്പിൽ വെച്ചു.

അജാതശത്രുവിന്റെ സേനക്കു കലി നിന്നില്ല. അവർ രാജാവിനോടു കലിംഗത്തെ ആക്രമിക്കണമെന്നു് ആവശ്യപ്പെട്ടു. എന്നാൽ അജാതശത്രു അതിന്നനുമതി നല്കിയില്ല. തന്റെ രാജ്യത്തെ സംരക്ഷിക്കണം എന്നല്ലാതെ അന്യദേശങ്ങളെ ആക്രമിക്കണമെന്നോ കീഴടക്കണമെന്നോ അദ്ദേഹത്തിന്നാഗ്രഹമുണ്ടായിരുന്നില്ല. യുദ്ധംകൊണ്ടു ഇരുകക്ഷികൾക്കും നാശമല്ലാതെ ഗുണമൊന്നുമില്ലെന്നദ്ദേഹത്തിന്നു അറിയാമായിരുന്നു. അയൽദേശങ്ങളുമായി മൈത്രിയിൽ ജീവിക്കുന്നതുകൊണ്ടു പരസ്പരം പല ഗുണങ്ങളുമുണ്ടെന്നു വിശ്വസിച്ച വ്യക്തിയായിരുന്നു അജാതശത്രു. ഈ സന്മനസ്സിനെ കൊള്ളരുതായ്മയായിട്ടാണ് കലിംഗരാജാവു തെററിദ്ധരിച്ചതു്. അങ്ങിനെ ചിലകൂട്ടർ ഇന്നുമുണ്ടു്. അന്നു

കമ്പയോടെ മററുള്ളവർ ചെയ്യുന്ന നന്മകളെ കൊള്ളരുതായ്മയാണെന്നു വ്യാഖ്യാനിക്കുന്ന ബുദ്ധിശൂന്യർ! ഈ ചിന്തയാലാണു കലിംഗമന്നൻ അജാതശത്രുവിനെ ആക്രമിച്ചതു്. എന്നാൽ ഫലം മറിച്ചാണുണ്ടായതു്.

'കഷ്ടം! അദ്ദേഹത്തിൻെറ സന്മനസ്സിനെ ഞാൻ കൊള്ളരുതായ്മയാണെന്നു തെററിദ്ധരിച്ചുവല്ലൊ! എന്തൊരു മഠയനാണു ഞാൻ' എന്നെല്ലാം ചിന്തിച്ചു പശ്ചാത്തപിച്ചു കലിംഗരാജൻ.



യുദ്ധത്തിൻെറ കഷ്ടാനിഷ്ടങ്ങൾ മുഴുവനും അനുഭവിക്കുന്നതു ജനങ്ങളാണു—സാധാരണക്കാർ. രാജാക്കന്മാരും, ഉയർന്ന ഉദ്യോഗപ്രമാണികളും, പ്രഭുക്കന്മാരും അതിൻെറ സ്വാദറിയുന്നില്ല. യുദ്ധം വന്നാലും ആകാശം വീണാലും അവർക്കു വേണ്ട സുഖസൌകര്യങ്ങൾ എപ്പോഴും കിട്ടുന്നുണ്ടു്. ആർക്കും കിട്ടാത്ത സാധനങ്ങളും മേൽപറഞ്ഞ കൂട്ടർക്കു സുലഭമായി കിട്ടും. സാധാരണക്കാരനാണു ഭക്ഷണമില്ലാതെയും, വസ്ത്രമില്ലാതെയും കഷ്ടപ്പെടുന്നതു്. പക്ഷെ സാധാരണക്കാരൻെറ മുറവിളി കേൾക്കാൻ കാതില്ലാത്ത പ്രഭുലോകമാണു് അന്നുണ്ടായിട്ടുള്ളതും ഇന്നുള്ളതും! സംഭവവികാസങ്ങൾ തന്നെ കാലാന്തരത്തിൽ മാററങ്ങളുണ്ടാക്കണം!

പോർക്കളത്തിൽ വെട്ടും കുത്തും കൊണ്ട സാധാരണപടയാളികൾ അജാതശത്രുവിനോടു പറഞ്ഞു:

"പ്രഭോ, കലിംഗരാജാവു് അനാവശ്യമായി നമ്മെ കഷ്ടപ്പെടുത്തിയതിനു തക്കതായ ശിക്ഷ കൊടുക്കണം" എന്നു്. കണ്ടോ? അന്നും ഒരു ജനകീയനിയമാലയത്തിന്നാണു മോഹം. എന്നാൽ ഇതുവരെയും രാജകീയ ന്യായാലയങ്ങളല്ലാതെ ഉണ്ടായിട്ടുമില്ല.

'കലിംഗരാജനെ കണ്ണു പൊട്ടിച്ചു തുണ്ടുതുണ്ടായി വെട്ടി നുറുക്കണം' മറെറാരു ഭടൻ പറഞ്ഞു.

ഇങ്ങിനെ ഓരോരുത്തരും അവനവന്റെ കഷ്ടപ്പാടിന്റെ ഗൌരവത്തിനൊത്തഭിപ്രായപ്പെട്ടു. ഇതെല്ലാം കേട്ട കലിംഗരാജാവു് ഭയവിഹ്വലനായി പറഞ്ഞു. "രാജൻ, ഞാൻ ചെയ്ത തെററിന്നു ശിക്ഷ തന്നാലും. പക്ഷെ എന്നെ കുരുടനാക്കിയോ, തുണ്ടുതുണ്ടായോ കൊല്ലാതിരിക്കാൻ ദയവുണ്ടാവണം."

അജാതശത്രു ഇതു കേട്ടു അനുകമ്പയോടെ പറഞ്ഞു "ഇദ്ദേഹത്തെ വിട്ടുവിടുവിൻ" എന്നു്.

സകല ജനങ്ങളും സ്തബ്ധരായി. അവരിൽ പലരും പിറുപിറുത്തു. പലരും പറഞ്ഞു "ഈ ദുഷ്ടനെ വിടുവാൻ പാടില്ല" എന്നും മററും.

അജാതശത്രു ശാന്തനായി പറഞ്ഞു: "നിങ്ങൾ പറയുന്നതു ശരിയാണു്. എന്നാൽ ഇന്നു കലിംഗഭൂപൻ നമ്മുടെ ശത്രുവല്ല. അഭയമിരന്നു വന്നൊരു യാചകനാണു്. അങ്ങിനത്തെ വ്യക്തിയെ കൊല്ലുന്നതിലെന്താണഭിമാനം? പുറമെ നാം ഈവിധം പകരത്തിന്നുപകരം വീട്ടുന്നതിൽ ഭേദം കൂടുതൽ ഭംഗിയായൊരു നയം സ്വീകരിക്കയല്ലെ നല്ലതു്? ഇദ്ദേഹത്തെ കൊന്നതുകൊണ്ടു അടുത്ത കലിംഗരാജാവിന്നു യാതൊന്നും പഠിയാൻ പോകുന്നില്ല. മാത്രമല്ല, നമ്മോടു കൂടുതൽ പകയുണ്ടാവുകയും ചെയ്യും. ഇദ്ദേഹത്തെ മാപ്പുകൊടുത്തു വിട്ടാലോ? മേലിൽ നമ്മോടു യുദ്ധത്തിന്നു വരുന്നതല്ലെന്നു മാത്രമല്ല, നമ്മോടു കൃതജ്ഞതയും കൂറും ഉള്ളവനായി തീരുകയും ചെയ്യും. അഥവാ മറിച്ചു വന്നാൽ അന്നും നമ്മുടെ ഒരുമയും, ശക്തിയും ഒത്തുചേർന്നാൽ നമുക്കു ഭയപ്പെടാനൊന്നുമില്ലല്ലൊ. അപകാരത്തിന്നുപകാരം ചെയ്യുന്നതാണു ശ്ലാഘനീയം. അതിനാൽ അദ്ദേഹത്തെ വിടുക തന്നെ വേണം' എന്നും പറഞ്ഞു അജാതശത്രു കലിംഗഭൂപനെ കെട്ടഴിച്ചു വിട്ടു രാജോചിതമായി മടക്കി അയച്ചു.

അദ്ദേഹത്തിന്നു യാതൊരു ദോഷവുമുണ്ടായില്ല. സന്മനസ്സിന്നു ഒരുകാലത്തും ദോഷം വരുന്നതല്ല.



അൽഭുതാംഗനകൾ

എന്നിട്ടോ? ഭൃത്യന്മാർ, സേവകന്മാർ, ദാസികൾ എല്ലാവരും ഓടിക്കൂടി. രാജദമ്പതികളെ ശുശ്രൂഷിക്കാനും പരിപാലിക്കാനും തുടങ്ങി. എല്ലാവരും വളരെയധികം പരിഭ്രമിച്ചു. ഒരു രാജധാനിയിൽ രാജാവിന്നും രാജ്ഞിക്കും വല്ല ദുഃഖവും വന്നാൽ എന്തായിരിക്കും അവിടത്തെ കോലാഹലം? യഥാർത്ഥമായ സഹതാപത്തോടുകൂടെ വ്യസനിക്കുന്നവർ പലരുമുണ്ടാവാം. എന്നാൽ അധികപേരും സേവ കാണിക്കുന്നവരായിരിക്കും. കണ്ണിൽ കുത്തിയാൽകൂടി വെള്ളം വരാത്ത ചില കൂട്ടരും വാവിട്ടു കരയും. എങ്ങിനെ തന്നെ അവരുടെ കണ്ണിൽ വെള്ളം വരുന്നുവോ? മററു ചില സ്ത്രീകളുണ്ട്. വല്ല സങ്കടാവസ്ഥയിലും തങ്ങളുടെ മുല കുടിക്കുന്ന കുട്ടികളേയും കൂട്ടി അവരും എത്തും. അവർക്കു വ്യസനമോ മണ്ണാങ്കട്ടയോ ഉണ്ടായിട്ടില്ല. എന്നാലും നടിച്ചു കരയും. പുറമെ, തോളിലിട്ട കുട്ടിയുടെ തുട പിടിച്ചു തിരുമ്പി കരയിക്കയും ചെയ്യും! എന്താ? ആകപ്പാടെ ഒരു ബഹളമുണ്ടാവണ്ടേ? പുറമെ വീട്ടുടമസ്ഥൻ താൻ വ്യസനിക്കുന്നതും കാണണ്ടേ? എന്നാലല്ലേ അടുത്ത നാൾ ആയാളോട് വല്ല പ്രത്യുപകാരവും ചോദിക്കാൻ തരമുള്ളൂ? ചിലർ ഈ ഘട്ടത്തിൽ തുടയിൽ തിരുമ്പു കൊണ്ടു എരിപൊരി കൊള്ളുന്ന കുട്ടി വിശന്നിട്ടാണു കരയുന്നതെന്നും പറഞ്ഞു വല്ല പാലോ പഴമോ കൂടി അവിടേ നിന്നു വസൂൽചെയ്യും. അങ്ങിനെ പല നാടകങ്ങളും കാണാൻ ബഹു തമാശയാണ്. സാധാരണക്കാരുടെ ഇടയിൽ



ഈവിധമുണ്ടായിക്കൊണ്ടിരിക്കെ ഒരു രാജധാനിയിലെ ചരിത്രം പറയണമോ? തങ്ങൾ രാജാവിൻെറയും രാജ്ഞിയുടെയും സങ്കടത്തിൽ സഹതപിച്ചിട്ടില്ലെന്നോ മററൊ അവർ അറിഞ്ഞാൽ കാര്യമെത്ര മോശമായി! നേരെ മറിച്ചു തങ്ങളും വ്യസനിച്ചുവെന്നറിഞ്ഞാൽ തമ്പുരാനോ തമ്പുരാട്ടിയോ സംതൃപ്തരായി, തങ്ങളുടെ ബന്ധത്തിൽപെട്ട വല്ലവരുമുണ്ടെങ്കിൽ വല്ല ജോലിയും കൊടുക്കാം, ജോലിയിൽ പ്രവേശിച്ച വല്ലവരുമുണ്ടെങ്കിൽ അവർക്കു വല്ല കയററമോ, ശമ്പളക്കൂടുതലോ കൊടുക്കാം. അതൊന്നുമില്ലാത്തവർക്കു മുട്ടുള്ളപ്പോൾ സങ്കടം പറഞ്ഞു വല്ല സഹായങ്ങളുമഭ്യർത്ഥിക്കാം. അതുമല്ലെങ്കിൽ വല്ല പാട്ടമോ നികുതിയോ വിട്ടുകിട്ടാൻ അപേക്ഷിക്കാം. ഇതൊക്കെയാണു ഈ വക കൂട്ടരുടെ മോഹങ്ങൾ! അല്ലാതെ അവർക്കു അനുകമ്പയോ സ്നേഹമോ ഒന്നുമുണ്ടായിട്ടല്ല.

എന്നാൽ ഈ രാജാക്കന്മാരോ പ്രഭുക്കളോ ആവകയിലൊന്നും ശ്രദ്ധിക്കുന്നില്ലെന്നു ഈ കൂട്ടർ അറിയുന്നില്ല. ആവക കൂട്ടർക്കു മിനുട്ടുവെച്ചു അതെല്ലാം മറക്കും. ഉപകാരസ്മരണ എന്നുള്ളതു പണക്കാരൻെറ നിഘണ്ടുവിൽ കാണില്ല. സന്തോഷസമയത്തു വല്ല സേവ പറയുന്നവർക്കു വല്ല കാപ്പിയോ ചായയോ ഓണപ്പുടവയോ കൊടുക്കുകയെന്നല്ലാതെ, ആരാണു നല്ലവൻ ആരാണു കെട്ടവൻ എന്നതൊന്നും ഇവർ നോക്കില്ല. അഥവാ ആവകയെ കണ്ടുപിടിക്കാനുള്ള ബുദ്ധി ഈശ്വരൻ അവർക്കു കൊടുത്തിട്ടില്ലായിരിക്കാം.

ഇത്രയായപ്പോഴേക്കും കൊട്ടാരം വൈദ്യൻ ഭസ്മക്കുറിയുമായി എത്തി. രാജ്ഞിക്കു ചില മരുന്നുകൾ കൊടുത്തു. മരുന്നു ഫലിച്ചു. കുറച്ചുനേരം കഴിഞ്ഞു രാജ്ഞി കണ്ണു മിഴിച്ചു. രാജാവിന്നിതു കണ്ടു കുറെ സമാധാനമായി. വൈദ്യൻ വിവരം ചോദിച്ചു രാജാവു പറയാൻ



തുടങ്ങി. "പതിവുപ്രകാരം ഞാൻ കുട്ടികളേയും മൂന്നു ദാസികളേയും കൂട്ടി തോട്ടത്തിൽ നടക്കാൻ പോയി. കുട്ടികൾക്കു അടിക്കടിയുണ്ടാവുന്ന അനർത്ഥങ്ങൾ അറിയാമല്ലൊ. അതിനാൽ ഞാൻ നൂറു ഭടന്മാരെയും തോട്ടത്തിന്നു നാലുപാടും കാവൽ നിർത്തിയിരുന്നു. കുട്ടികളും ഞാനും കൂടെ നടക്കുകയായിരുന്നു. ഇതിനിടെ, എവിടേനിന്നൊന്നറിയില്ല, ഒരു വലിയ കഴുകൻ പറന്നുവന്നു. അതേ സമയത്തു നാലുപാടും പൊടി പറന്നു. ആകപ്പാടെ ഇരുട്ടായപോലെ തോന്നി. ഞങ്ങളെല്ലാവരും ഭയന്നു കണ്ണു പൊത്തി. വീണ്ടും ഞാൻ കണ്ണു മിഴിച്ചപ്പോഴേക്കും മൂന്നു കഴുകന്മാർ വന്നു എന്റെ കുട്ടികളേയും കൊണ്ടു പറന്നു" രാജാവു വീണ്ടും എന്തൊ പറവാനൊരുങ്ങി. അതിനിടെ രാജ്ഞി വീണ്ടും ബോധമററു വീണു.

ദാസികൾ ശുശ്രൂഷ തുടങ്ങി. വീണ്ടും രാജ്ഞിക്കു ബോധം വന്നു. രാജാവു വീണ്ടും പറവാൻ തുടങ്ങി "ഇതെല്ലാം ഒരു നിമിഷത്തിൽ കഴിഞ്ഞു. ഉടനെ ഞാൻ ദാസികളോടും ഭടന്മാരോടും കഴുക്കൾ പറന്ന വഴി നോക്കി പോകാൻ പറഞ്ഞു. ഞാനും പോയി. പക്ഷെ കുറച്ചു ദൂരം ചെന്നപ്പോഴേക്കും എനിക്കു കയ്യും കാലും തളരാൻ തുടങ്ങി.

ഭൃത്യന്മാർ വളരെ ദൂരം പോയി. എന്നാൽ കഴുകന്മാർ പറന്നു പറന്നു ആകാശത്തിൽ മറഞ്ഞു. ഇവർ നിരാശരായി മടങ്ങുകയും ചെയ്തു. ഞാൻ ആകപ്പാടെ സ്തബ്ധനായി. ഇതിനിടെ മറെറാരത്ഭുതസംഭവമുണ്ടായി. കുറച്ചു സമയം കഴിഞ്ഞപ്പോൾ ഭൃത്യകളും ഭടന്മാരും ചെറിയ പക്ഷികളായി മാറി. അവരും പറന്നു ആകാശത്തിൽ മറഞ്ഞു. ഇതെല്ലാം കണ്ടു എന്റെ ഹൃദയം തകർന്നു. ഈശ്വരൻ എന്തിനാണു എന്നെ ഇങ്ങിനെ അലട്ടുന്നതെന്നും ഇനിയും എത്രനാൾ ഈവിധമല്ലലുകൾ



ഉണ്ടാവുമെന്നുമോർത്തു ഞാൻ വളരെ വ്യസനിക്കുന്നു" എന്നും പറഞ്ഞു രാജാവു വീണ്ടും കരയുവാൻ തുടങ്ങി. പക്ഷെ ഇപ്പോൾ രാജ്ഞി മറിഞ്ഞു വീണില്ല! ഭാഗ്യം!

കോവിലകത്തെ കോലാഹലങ്ങളൊക്കെ നമ്മുടെ പഴയ ജ്യോത്സ്യൻ അറിഞ്ഞു കൌടിക്കെട്ടുമായി ഓടിയെത്തി. വല്ല നുണയും അടിച്ചു കാച്ചിയാൽ ലഭ്യമുണ്ടാവുമല്ലൊ!

ജ്യോത്സ്യനെ കണ്ടവുടൻ രാജ്ഞി നിലവിളിച്ചു ആയാളുടെ കാക്കൽ വീണു പറഞ്ഞു: "അന്നു നിങ്ങൾ ഈ വക വൈഷമ്യങ്ങളൊക്കെ പറഞ്ഞു. എന്നിട്ടും എന്റെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ സാധിച്ചില്ല. അവർ ഞങ്ങളുടെ കണ്ണിൽനിന്നു മറഞ്ഞുകഴിഞ്ഞു. അവർ ജീവനോടെയുണ്ടോ ഇല്ലയോ എന്നൊന്നു നോക്കി പറയണം ജ്യോത്സ്യരെ" എന്നും പറഞ്ഞു വീണ്ടും കരയുവാൻ തുടങ്ങി രാജ്ഞി.

ജ്യോത്സ്യൻ രാശിവെച്ചു. കുറെയൊക്കെ വിരൽകൊണ്ടും വായകൊണ്ടും ഇളക്കി കണക്കാക്കി രാജ്ഞിയോടു പറഞ്ഞു: "ജോതിഷശാസ്ത്രപ്രകാരം പറയുകയാണെങ്കിൽ, കുട്ടികൾ സുഖമായിരിക്കുന്നുണ്ടു്. അവക്കു യാതൊരു ദുഃഖവുമില്ല. ഇതെല്ലാം എങ്ങിനെ വന്നുവെന്നു് എനിക്കു മനസ്സിലാവുന്നില്ല. കുട്ടികൾ എവിടെയുണ്ടെന്നു എനിക്കു പറവാനാവില്ല. എങ്കിലും അവർ സന്തോഷത്തോടെ ഇരിക്കുന്നുണ്ടെന്നു തീർച്ചപറയാം. കുട്ടികൾ മാത്രമല്ല പ്രസ്തുത പരിവാരങ്ങളും സുഖമായിരിക്കുന്നുണ്ടു്. മൂന്നു വഷത്തിന്നുള്ളിൽ അവരെ തിരികെ കിട്ടുകയും ചെയ്യും. സംശയമില്ല. ഈശ്വരങ്കൽ വിശ്വസിച്ചിരുന്നുകൊള്ളുക. അല്ലാതെ മനുഷ്യന്നെന്തുതന്നെ കഴിയും?" ജ്യോത്സ്യൻ ചില്ലറക്കാരനൊന്നുമല്ല!

ബുദ്ധിയുള്ളവക്കു മനസ്സിലാക്കാം രാജാവു് ശുദ്ധ കെട്ടുകഥ പറഞ്ഞതാണെ

ന്നു്. രാജ്ഞിയോടു യാഥാർത്ഥ്യം പറഞ്ഞു തന്റെ കുട്ടികളുടെ രഹസ്യം പുറത്തായെങ്കിലോ എന്ന ഭയത്താലാണു അദ്ദേഹം സത്യം മറച്ചുവെച്ചതു്. അല്ലാതെ മറെറാരു ദുരുദ്ദേശംകൊണ്ടുമല്ല. രാജാവിന്റെ വർത്തമാനം യഥാർത്ഥമാണെന്നേ ആ സാധുരാജ്ഞി ധരിച്ചുള്ളു. സാദ്ധ്വികൾ അങ്ങിനെയല്ലെ? ഭർത്താവു് ചുട്ട കോഴിയെ പറപ്പിക്കുന്ന മുട്ടൻനുണ പറഞ്ഞാലും ആയാളെ ഹരിശ്ചന്ദ്രനാക്കി കരുതിക്കൊള്ളണം ഭാര്യ എന്നല്ലെ നിയമം? ഇന്നത്തെ പെണ്ണുങ്ങളോടതൊന്നും പററില്ല. ഇന്നു കാലം മറിച്ചാണു്. പെണ്ണിന്റെ നുണക്കാണു ഗൌരവം. അവളുടെ വെള്ളം കൂട്ടാത്ത നുണ സത്യമാണെന്നു കണ്ണും ചിമ്മി വിശ്വസിച്ചുകൊള്ളണം പുരുഷൻ! ഇല്ലെ? പിന്നെ പറയേണ്ടല്ലൊ!

രാജധാനിയിലെ മററു കൂട്ടരും രാജാവു പറയുന്നതു വാസ്തവമാണെന്നു കരുതി. കുട്ടികൾ ജീവനോടെയുണ്ടെന്നു കേട്ടതിൽ രാജ്ഞിക്കു പകുതി സമാധാനമായി, ഉടനെ അവർ രാജാവിനോടു ചാരന്മാരെ അയച്ചു കുട്ടികളെ തേടുവാനഭ്യർത്ഥിച്ചു.

രാജാവിന്നു് എല്ലാ യാഥാർത്ഥ്യവുമറിയാമെങ്കിലും രാജ്ഞിയെ സന്തോഷിപ്പിക്കാനും മററുള്ളവരെ ഒപ്പിക്കാനും വേണ്ടി നാലുപാടും ദൂതന്മാരെ അയക്കുവാൻ കല്പന കൊടുക്കുകയും ചെയ്തു.



ദൂതന്മാർ പല ദിശി ചുററി. കുട്ടികൾ ഭൂമിയിലെവിടെയെങ്കിലുമുണ്ടെങ്കിലല്ലെ അവർക്കു വിവരം കിട്ടുകയുള്ളു? പോയ ദൂതന്മാരത്രയും നിരാശരായി മടങ്ങിവന്നു. അങ്ങിനെ ദിവസങ്ങൾ നീങ്ങുന്നതോടൊപ്പം രാജ്ഞിയുടെ വ്യസനവും വർദ്ധിച്ചുകൊണ്ടുവന്നു.

ദേവതകൾക്കുകൂടി അറിയാത്ത സ്ഥലത്തു തന്റെ കുട്ടികൾ സസുഖം ജീവിച്ചുപോരുന്നുണ്ടല്ലൊ എന്നോർത്തു രാജാവു് സന്തോഷിച്ചു. എങ്കിലും പുറമെ



അദ്ദേഹവും വ്യസനം നടിച്ചു. ഭാൎയ്യക്കു വ്യസനമുള്ളപ്പോൾ ഭൎത്താവും വ്യസനം നടിച്ചില്ലെങ്കിൽ കാൎയ്യം തകരാറാവില്ലെ? കാണുന്നവരും വിചാരിച്ചു രാജാവിന്നു കുട്ടികളെ കാണാത്തതിൽ വളരെയധികം വ്യസനമുണ്ടെന്നു്. പക്ഷെ രാജാവു് ഏതെങ്കിലും പ്രകാരേണ ഗുഹാഗൃഹത്തിൽ പോയി മക്കളെ കണ്ടുപോരുക പതിവായിരുന്നു. കുട്ടികൾ സന്തോഷത്തോടെയിരിക്കുന്ന കണ്ടു രാജാവു യാതൊരു ചിന്തയും കൂടാതെ കഴിച്ചുകൂട്ടി.

ഇങ്ങിനെ ഒരു പക്ഷം കഴിഞ്ഞു. രാജാവിന്റെ മനസ്സിൽ ഒരു വലിയ സംശയമുദിച്ചു. ‘കുട്ടികളെ കാണാതെ ഒരു ദിവസവും കഴിച്ചുകൂട്ടുക വയ്യ. എന്നാൽ നിത്യവും ആരുമറിയാതെ ആ ഗുഹാഗൃഹത്തിൽ പോയിവരികയെന്നതും ക്ഷിപ്രസാദ്ധ്യമല്ല. വല്ലവരും തന്നെ കണ്ടാലോ? സകല രഹസ്യവും പരസ്യമാവില്ലെ? എല്ലാവൎക്കും ഗുഹാരഹസ്യം മനസ്സിലായാൽ തന്റെ സകല പ്രവൎത്തനങ്ങളും നിഷ്ഫലമാവില്ലെ? മാത്രമല്ല ഏതെങ്കിലും ശത്രുക്കൾ ഈ രഹസ്യം മനസ്സിലാക്കിയാൽ അതു ജീവാപായത്തിന്നുകൂടി ഹേതുഭൂതമാവില്ലെ?’ എന്നിതെല്ലാമോൎത്തു രാജാവിന്നു പ്രതിദിനം മനശ്ശാന്തി കുറയുവാൻ തുടങ്ങി. പല നിലക്കും ആലോചിച്ചിട്ടും ഇതിന്നൊരുപശാന്തിയുണ്ടായില്ല. അങ്ങിനെയും നാളുകൾ കുറെ കഴിഞ്ഞു.

ഒരുനാൾ രാജാവു കുട്ടികളെ കണ്ടു മടങ്ങി. കുട്ടികൾ സുഖത്തോടെ ഇരുന്നിരുന്നു. രാജാവു് ഉറങ്ങി. ഗാഢനിദ്രയായി. ഇതിനിടെ രാജാവു ഞെട്ടിയുണൎന്നു. നോക്കുമ്പോൾ രാജാവിന്നു തന്റെ കണ്ണിനെ തന്നെ വിശ്വസിക്കാനായില്ല. കാരണം, തന്നെ ഉണൎത്തിയതു തന്റെ മകൾ സുഹാസിനിയായിരുന്നു!

താൻ സ്വപ്നമാണോ കാണുന്നതെന്നുകൂടി രാജാവു ചിന്തിച്ചു. കുട്ടി ചാടി

ക്കയറി മടിയിലിരുന്നു കളി തുടങ്ങി. അവൾ കൊഞ്ചിക്കൊഞ്ചി സംസാരിക്കാനും തുടങ്ങി. രാജാവു പരിഭ്രമിച്ചു. ‘സ്വപ്നമൊന്നുമല്ല, യഥാർത്ഥം തന്നെ ഇതു്’ എന്നു നിശ്ചയിച്ചു രാജാവു്.

അദ്ദേഹം മകളെ ആശ്ലേഷിച്ചു ചോദിച്ചു “നീ എങ്ങിനെ മകളെ, ഇവിടെ വന്നെത്തിയതു്? ദാസികളെവിടെ? ഭൃത്യന്മാരൊക്കെ എവിടെ പോയി? ഈ അർദ്ധരാത്രി നീ എങ്ങിനെ ഇവിടെ തനിയെ വന്നു?” എന്നിങ്ങിനെ മററു പലതും രാജാവു അത്ഭുതാവേശത്തോടെ ചോദിച്ചു. ഇതെല്ലാം കേട്ട ശേഷം സുഹാസിനി കുറച്ചു നേരത്തിനൊന്നും പറഞ്ഞില്ല. അവൾ അച്ഛന്റെ കയ്യും പിടിച്ചു കട്ടിലിൽനിന്നിറങ്ങി. ചുമരിന്മേൽ തൂങ്ങിക്കിടക്കുന്നൊരു ചിത്രത്തിന്റെ മുമ്പിൽ ചെന്നു അവൾ പറഞ്ഞു: “ഈ ചിത്രം കണ്ടുവോ? ഇതിലൂടെയാണു ഞാൻ വന്നതു്.”

രാജാവിന്നു ഒന്നും മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു “മകളെ, നീ ഈ വഴി എങ്ങിനെ വന്നു? നീ എന്തിനാണു ചിത്രത്തെ ചൂണ്ടി കാണിക്കുന്നതു്? നിനക്കതു വേണോ? എത്ര ചിത്രം വേണമെങ്കിലും എന്റെ കുട്ടിക്കു തരാം.



എന്നാൽ എങ്ങിനെ നി ഇവിടെ വന്നുവെന്നു പറ.”

“അതുതന്നെയാണു അച്ഛാ ഞാൻ പറയുന്നതു്. ഞാൻ ഈ ചിത്രത്തിൽ കൂടെയാണു വന്നതു്” എന്നു പറഞ്ഞു സുഹാസിനി.

രാജാവു് ആ ചിത്രത്തെ മാററി നോക്കിയപ്പോഴാണു് അത്ഭുതപരതന്ത്രനായതു്. അദ്ദേഹത്തിന്നു രക്തമില്ലാതായി. ചിത്രത്തിൻെറ പിന്നിൽ ഒരു വലിയ ദ്വാരമുണ്ടായിരുന്നു. രാജാവു് സുഹാസിനിയേയും കൂട്ടി ആ ദ്വാരത്തിൽ കടന്നു. കുറച്ചു നടന്നു. അതൊരു തുരങ്കമായിരുന്നു. കുട്ടിയേയും പിടിച്ചു അദ്ദേഹം വീണ്ടും മുന്നോട്ടു നടന്നു.

രാജാവു പകുതി വഴിയെത്തിയപ്പോൾ സുഹാസിനിയേയും തിരഞ്ഞു ദാസി വരുന്നതു കണ്ടു. മൂന്നു പേരും സുഹാസിനിയുടെ മുറിയിലെത്തി. സുഹാസിനിയുടെ മുറിയുടെ വാതിലെവിടെ? ഇതു കണ്ടു രാജാവും ദാസിയും അത്ഭുതപ്പെട്ടു. ഈ തുരങ്കത്തിൻെറ വഴിതന്നെ മറന്നുപോയോ എന്നു സംശയം തോന്നി അവക്കു്.

രാജാവു ദാസിയോടു സുഹാസിനിയേയും പിടിച്ചു അവിടെ തന്നെ നില്ക്കാൻ പറഞ്ഞു താൻ ആ വഴിയെ ഒന്നു പോയി നോക്കാൻ നിശ്ചയിച്ചു. ഇതു ഒരേ തുരങ്കമോ അതോ പലതുമുണ്ടോ എന്നു നോക്കണമെന്നു നിശ്ചയിച്ചു അദ്ദേഹം. അവസാനം വരെ പോയപ്പോൾ അതു ഒന്നുതന്നെയെന്നു ബോദ്ധ്യമായി. എന്തുകൊണ്ടെന്നാൽ രാജാവു തൻെറ മുറിയിൽതന്നെയാണു എത്തിയതു്. രാജാവു ചിന്തയിൽ മുഴുകി വീണ്ടും സുഹാസിനിയും ദാസിയും നിന്നിരുന്നിടത്തുതന്നെ എത്തി. വന്നു നോക്കുമ്പോൾ മകളും ദാസിയും അവിടെവിടെയുമില്ല. രാജാവു പരിഭ്രമിച്ചു ഭ്രാന്തനെപ്പോലെയായി. അദ്ദേഹം ഗുഹയിൽ തപ്പിത്തടഞ്ഞു അങ്ങുമിങ്ങും നടക്കാൻ തുടങ്ങി (തുടരും)



വിചാരണമുറി

ന്യായാധിപനെത്തി. പാറവക്കീൽ ഭാൎയ്യയുടെ വെള്ളസ്സാരി മടക്കി ഡബിൾമുണ്ടാക്കിയുടുത്തു വന്നതു കണ്ടു ന്യായാധിപൻ ഒന്നു പുഞ്ചിരിച്ചു. വക്കീൽ കേസു വായിച്ചു. കണ്ണടയുടെ ഒരു കമ്പി പൊട്ടിയതിന്നു പകരം ചരടു കെട്ടിയിരിക്കുന്നു. ചരടു വലത്തെ കാതിൽ ഒരു നാലു ചുററലും ചുററി വായിക്കാൻ തുടങ്ങി.

(കുററവാളി ഉണ്ണായിവാരിയർ കൂട്ടിൽ നില്ക്കുന്നു.)

'ഈയാൾ വികടംപാടം ഹയർ എലിമെൻടി സ്ക്കൂളിന്റെ മാനേജരാണ്. ഇതുവരെയും ഈയാൾ വിദ്യാഭ്യാസത്തിന്റെ പേരിൽ വാണിജ്യം നടത്തി. വയർ നിറച്ചുണ്ണാൻ വകയില്ലാതെ തുന്നിക്കൂട്ടിയ കുപ്പായം തോൎത്തുമുണ്ടിട്ടു മറച്ചു, (ഇതു വായിച്ചപ്പോൾ വക്കീൽ തന്റെ കുപ്പായം കീറിയതു കാണുമോ എന്നു ഭയന്നു) ക്ലാസിൽ വന്നു പഠിപ്പിക്കുന്ന അദ്ധ്യാപകന്മാൎക്കു കിട്ടുന്ന തുച്ഛശമ്പളത്തിൽനിന്നു നല്ലൊരു പങ്കു നിൎബ്ബന്ധപൂൎവ്വം റിക്കാർഡില്ലാതെ തട്ടിപ്പറിച്ചു ഈയാൾ ഉപജീവിച്ചു വന്നു. പുതുതായി വരുന്ന വിദ്യാഭ്യാസപരിഷ്ക്കാരങ്ങളും, അദ്ധ്യാപകന്മാരുടെ അവശതാപരിഹാരവും ഈയാൾക്കു പിടിച്ചില്ല. ഗവൎമ്മേണ്ടു ശമ്പളം മാസ്റ്റർമാൎക്കു നേരിട്ടു കൊടുക്കാൻ പോകുന്നുവെന്നു കേട്ടവുടൻ ഈയാൾ തന്റെ ഷെയറിന്നു തക്ക ലക്ഷ്യം മറെറാരു നിലക്കു തരണമെന്നു ആവശ്യപ്പെട്ടു. ചിലർ ഗത്യന്തരമില്ലാതെ പ്രോനോട്ടുകളും കള്ളാധാരങ്ങളും എഴുതി കൊടുത്തു. ചുണയുള്ള ചിലർ അതിന്നു സമ്മതിച്ചില്ല. അവരെ ഗുണ്ടകളെക്കൊണ്ടു തല്ലിച്ചു സ്ക്കൂളിൽനിന്നു പിരിച്ചയച്ചു.' ഇതാണു കുററം.

ന്യായാധിപൻ ഉടനടി വിധി എഴുതി. "വാരിയർ ഉടനെ മാനേജ്മെൻട് ഒഴിഞ്ഞു, സ്ക്കൂൾ ഗവൎമ്മേണ്ടിലേക്കോ നാട്ടുകാൎക്കോ ഒഴിഞ്ഞുകൊടുക്കയും, ആറുകൊല്ലത്തെ കഠിനതടവിന്നു തയ്യാറാവുകയും വേണം."

വാരിയർ ജയിലിലായി. ആളുകൾ പാറവക്കീലിനെ പുകഴ്ത്തി. എല്ലാവൎക്കും അറിയുന്ന ഈ കാൎയ്യം ആയാളുടെ സാമൎത്ഥ്യംകൊണ്ടാണത്രെ തെളിഞ്ഞതു്.

കൊച്ചു കഥകൾ

മിഥിലാപുരി മഹാരാജാവു ജനകൻ, മഹാ ബുദ്ധിശാലിയും ജ്ഞാനിയുമായിരുന്നുവത്രെ. അദ്ദേഹത്തിന്റെ നാട്ടിലുള്ള സകലരും ബുദ്ധിയുള്ളവരായിരുന്നു. സ്ത്രീകൾ പോലും ബുദ്ധിയുള്ളവരായിരുന്നുവത്രെ—എന്നുവെച്ചാൽ പുരുഷന്മാരേക്കാൾ എന്നൎത്ഥം.

നാരദനെ കേട്ടിട്ടില്ലേ നിങ്ങൾ? കണ്ടവരെയൊക്കെ തമ്മിൽ തല്ലിക്കുന്ന ഇബിലീസ്! ഒരു ദിവസം ആയാൾക്കു് ഈ പെണ്ണുങ്ങളുടെ ബുദ്ധി പരിശോധിക്കാനൊരു മോഹം തോന്നി. സന്യാസിയാണെങ്കിലും പെണ്ണുങ്ങളോടു പരിമാറാനാണു പഹയൻ തുനിഞ്ഞതു്. സന്യാസി എന്നു പറഞ്ഞാൽ എവിടെയും കയറി ചെല്ലാമല്ലൊ!

നാരദൻ മിഥിലയിലെത്തി. ഒരു കുളത്തിന്റെ വക്കത്തു ഭാണ്ഡം തലക്കു വെച്ചു കിടന്നു. അതിനിടെ അവിടെ കുറെ സ്ത്രീകൾ വെള്ളം മുക്കാനും എത്തി. ഒരു സ്ത്രീ ഈ സന്യാസിയെ കണ്ടു പറഞ്ഞു. “കണ്ടോ കൂട്ടരെ സന്യാസിയെ? ഒന്നാംക്ലാസായി താടി വടിച്ചു, തല മിനുക്കി കെട്ടി പൂവും ചൂടി വെള്ളവസ്ത്രവും ധരിച്ചു കിടന്നുറങ്ങുന്നതു്? സന്യാസിയാണത്രെ. സന്യാസി! തിരുമുറിഞ്ഞ കള്ളൻ. ആരെ എന്തു പററിക്കുവാൻ പോകുന്നുവൊ? നല്ല തടിയും! മുക്കിൻ വെള്ളം. ഇവന്റെ തലയിലൊഴിച്ചിട്ടു്” എന്നും പറഞ്ഞു എല്ലാവരും കൂടെ വെള്ളം മുക്കാൻ പോയി.

പെണ്ണുങ്ങൾ വെള്ളം മുക്കാനിറങ്ങിയ തഞ്ചത്തിൽ നാരദൻ എഴുന്നേററു ഓടെടാ ഓട്ടം. ഇന്നെത്തെ തിയ്യതി വരെ നാരദമഹാമുനി ആ വഴിക്കു പിന്നെ പോയിട്ടേയില്ല. ഇനി പോകയുമില്ല. മിഥിലാപുരിയിലെ പെണ്ണു എന്നു പറഞ്ഞാൽ നാരദൻ സ്വപ്നത്തിൽകൂടി ഞെട്ടി ചാടുമത്രെ!

2

രങ്കനാഥയ്യരു് പണ്ടൊരു അധികാരിയൊ മററൊ ആയിരുന്നു. സാമിക്കു കുടുംബം വൎദ്ധിച്ചു. എന്നുവെച്ചാൽ മക്കൾതന്നെ. കിട്ടുന്ന ശമ്പളം പോരാതെയായി. പലവിധ 'കിമ്പള'പ്പണികൾ തുടങ്ങി. സൎക്കാർ പണവും ചെലവാക്കാൻ തുടങ്ങി. അവസാനം ജോലി പോയി. ഭാൎയ്യക്കു കുറെ പണ്ടമുണ്ടായിരുന്നതുകൊണ്ടു ജെയിൽ കൂടാതെ കഴിഞ്ഞു.

സാമി പാപ്പറായി. ശാപ്പാടിന്നും വഹയില്ലെന്നായി. എന്നാലും പഴയ ഉശിരൊന്നും വിട്ടില്ല. പണ്ടുകാലത്തൊക്കെ വല്ല സാധുക്കളും ഉമ്മറത്തുകൂടെ വല്ല തേങ്ങയോ, കായ്ക്കറിയോ വില്ക്കാൻ കൊണ്ടുപോകുമ്പോൾ അധികാരിക്കൊരു പങ്കുണ്ടു്. ജോലി പോയതോടെ അതൊക്കെ നിന്നു. ആരും കണ്ട ഭാവം തന്നെ നടിക്കാതായി. ഇതുതന്നെയല്ലെ സൎക്കാരുദ്യോഗസ്ഥന്മാരുടെ ഗതി! ഉദ്യോഗത്തിലിരിക്കുമ്പോൾ അവരെ ബഹുമാനിക്കാൻ ആളുണ്ടാവും. ഉദ്യോഗം കഴിഞ്ഞാൽ നായകൂടി തിരിഞ്ഞുനോക്കില്ല. അയ്യർ ഒരുദിവസം ഉമ്മറത്തിരിക്കയായിരുന്നു. ഒരു സ്ത്രീ വാഴയ്ക്ക വില്ക്കാൻ കൊണ്ടുപോകുന്നു. 'വാഴയ്ക്ക എങ്ങിനെ എടി?' അയ്യർ പഴയ 'അധികാരി'സ്വരത്തിൽ ചോദിച്ചു. അവൾക്കറിയാമായിരുന്നു ഈയാൾ വാങ്ങുന്നവനല്ലെന്നു്. അവൾ 'വാഴയ്ക്ക നീളത്തിൽ' എന്നു മറുപടിയും പറഞ്ഞു.

അയ്യൎക്കു ഇവളുടെ ധിക്കാരം കണ്ടു സഹിച്ചില്ല. അടുത്തു കിടക്കുന്ന ഒരു വടി എടുത്തു അവളുടെ തലയ്ക്കൊന്നു കൊടുത്തു. കഷ്ടകാലം! അവൾ വീണു മരിച്ചു. അടുത്ത നിമിഷത്തിൽ പോലീസെത്തി. സാമീടെ കയ്യിൽ ഇരുമ്പുവളയിട്ടു. അമ്മ്യാരും കുട്ടികളും നിലവിളിയായി. പക്ഷെ പോലീസു വിടുമോ?

സാമിക്കു പന്ത്രണ്ടു കൊല്ലം സെൻട്രൽ ജെയിൽ!



പുഷ്പഗിരി

പണ്ടൊരു കാലത്തു് ഒരു ഗ്രാമത്തിൽ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ദരിദ്രനായിരുന്നു. എങ്കിലും അതിനു പകരംകൂടി സന്തതിയുണ്ടായി! വൃദ്ധൻ വലിയ ഭക്തനായിരുന്നു. വലിയ ഭക്തന്മാർക്കല്ലേ കൂടുതൽ സന്തതിയുണ്ടാവുകയുള്ളു !

യമപുരിയിലേക്കു മാററമാകേണ്ട കാലം വന്നപ്പോൾ മകനെ വിളിച്ചു പറഞ്ഞു : "വത്സ, എന്റെ മോഹങ്ങളൊന്നും സാധിച്ചില്ല. ഞാൻ മരിച്ചാൽ നീ എന്റെ അസ്ഥി ഗംഗയിൽ ഒഴുക്കണം. എന്നാലെ എനിക്കു സ്വർഗ്ഗമുള്ളു" എന്നു്. മരിച്ചാലും തനിക്കു സുഖം വേണം എന്നാണു മനുഷ്യന്റെ മോഹം! എന്താ ചെയ്യുക ?

അധികതാമസമില്ലാതെ വൃദ്ധബ്രാഹ്മണൻ മരിച്ചു. മകനു അച്ഛനോടു വലിയ ഭക്തിയായിരുന്നു. കാശിക്കു പോകാൻ തീരുമാനിച്ചു. അദ്ദേഹം കല്യാണമൊന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഭാര്യ സമ്മതിക്കുമോ ? അന്നൊക്കെ കാശിക്കു പോവുക എന്നു പറഞ്ഞാൽ അത്ര ഭയങ്കരമാണു്. നടന്നു പോണം. കാടും, മലയും, തോടും, പുഴയും മററും കാൽനടയായി കടന്നു പോണം. വഴിയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ! കാട്ടുജന്തുക്കൾ! ഇതൊക്കെ ഭർത്താവു സഹിച്ചോട്ടെ എന്നു ഒരു പെണ്ണും നിശ്ചയിക്കില്ല. അഥവാ മരിച്ചാലോ ? ആൾ പോകുന്നതു പോട്ടെ! എപ്പോഴായാലും മരിക്കണം. തനിക്കു വരുന്ന വൈധവ്യമോ ? ആരാണു പിന്നെ തന്റെ ശാസന വഹിച്ചു നടക്കാൻ ? ആരു സമ്പാദിക്കും ? ഇന്നത്തെപ്പോലെ പണ്ടു പെണ്ണുങ്ങൾക്കു വല്ല ജോലിയും കിട്ടുമോ ?

ഇയാൾ നടന്നു നടന്നു കടപ്പയെന്ന സ്ഥലത്തെത്തി. അവിടെ പിനാകിനി നദീതീരത്തെത്തി. 'നല്ല വെള്ളം. ഒന്നു

കുളിച്ചു ക്ഷീണം തീൎത്തു പോകാം’ എന്നും കരുതി നദീതീരത്തു അസ്ഥിപ്പൊതിയും വെച്ചു വെള്ളത്തിലിറങ്ങി. കുളി കഴിഞ്ഞു അസ്ഥിപ്പൊതിയുടെ അടുക്കെയെത്തിയപ്പോൾ അതു നനഞ്ഞിരിക്കുന്നു കണ്ടു. അതുണക്കിക്കളയാമെന്നുദ്ദേശിച്ചു ഈയാൾ ആ പൊതി തുറന്നു.

അത്യത്ഭുതം! എന്തൊരു ശക്തി! പൊതി തുറന്നപ്പോൾ അസ്ഥികൾക്കു പകരം അതിൽ പരിമളം വീശുന്ന പ്രഫുല്ലകുസുമങ്ങളാണു കണ്ടതു്! ബ്രാഹ്മണൻെറ ആശ്ചൎയ്യത്തിന്നതിരുണ്ടായില്ല. ആയാൾ വിചാരിച്ചു “ഹ! പിനാകിനിയുടെ മാഹാത്മ്യം അപാരം തന്നെ! ഗംഗാനദിയുടെ മഹിമ ഞാൻ കേട്ടിട്ടേയുള്ളു. പിനാകിനിയുടെ മഹിമയിതാ കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. ഇനിയെന്തിനു കാശിക്കു പോകുന്നു? എൻെറ പിതാവിന്നു ഇവിടെ തന്നെ മുക്തിയായല്ലൊ! എൻെറ കൎത്തവ്യം നിൎവ്വഹിച്ചു; എൻെറ ജന്മം സഫലവുമായി’ എന്നും വിചാരിച്ചു ആയാൾ സന്തോഷഭരിതനായി വീട്ടിലേക്കു മടങ്ങി.

ഈയാൾ അസ്ഥിപ്പൊതി വെച്ച സ്ഥലം ക്രമേണ ഒരു കടവായി തീൎന്നു.



ഒരു ദിവസം ഒരു മാടു മേയ്ക്കുന്ന കിഴവൻ അവിടെ വന്നു മാടുകളെ വെള്ളം കുടിക്കാനിറക്കി. വെള്ളം കുടിച്ചു കയറിയ മാടുകൾ താനെ തടിച്ചു വീക്കുന്നു കണ്ടു. ഇതു കണ്ടു കിഴവന്നു അത്ഭുതമായി. അവനും ഇറങ്ങി കുളിച്ചു കുറച്ചു വെള്ളം കുടിച്ചു. പത്തു നിമിഷത്തിന്നുള്ളിൽ കിഴവൻ ആൾ മാറി! ജരാനരകളൊക്കെ എവിടെ പോയെന്നറിയില്ല. ആയാൾ നല്ലൊരു ചെറുപ്പക്കാരനായി. ഇതേ സമയത്തു അവൻെറ കെട്ടിയവൾ വെള്ളം മുക്കാൻ അവിടെ വന്നു. ഇവൻ അവളുടെ മുഖത്തു നോക്കി പുഞ്ചിരി തൂകി. അവൾക്കു ഇവനെ മനസ്സിലായില്ല. ഏതോ ഒരുവൻ



തന്നോടു ചിരിക്കുന്നതു് അവൾക്കു പിടിച്ചില്ല. പണ്ടുകാലത്തൊക്കെ കല്യാണം കഴിഞ്ഞ ഒരു സ്ത്രീ മറ്റൊരു പുരുഷന്റെ മുഖത്തു നോക്കില്ല. ഇന്നങ്ങനെയൊന്നുമല്ല കെട്ടോ. അന്നത്തെ സീതകളെവിടെ? ഇന്നത്തെ 'ശ്രീമതികൾ' എവിടെ? ഇന്നൊക്കെ കല്യാണം കഴിഞ്ഞ സ്ത്രീ മറ്റൊരുത്തന്റെ കാറിൽ കയറി അവന്റെ കൂടെ സഞ്ചരിക്കാഞ്ഞാലോ, അവന്നു 'ഷേയ്ക്കു് ഹേൻട്' കൊടുക്കാഞ്ഞാലോ, അവനോടുകൂടി ഇംഗ്ലീഷ്ഫാഷനിൽ ഡാൻസ് ചെയ്യാഞ്ഞാലോ, രാത്രി അവന്റെ കൂടെ സിനിമക്കു പോകാഞ്ഞാലോ ആണു ചാരിത്രഭംഗം എന്നുവേണം വിചാരിക്കാൻ! മാട്ടുക്കാരന്റെ പച്ചച്ചിരി കണ്ടു കെട്ടിയവൾക്കു ദേഷ്യംവന്നു. അവൾ അവനെ എമ്പരങ്ങും ചീത്ത പറഞ്ഞു. 'താൻ അവളുടെ ഭർത്താവാണെന്നും, പിനാകിനിയിൽ മുങ്ങിയതുകൊണ്ടു ചെറുപ്പക്കാരനായതാണെന്നും' പറഞ്ഞു അവൻ. അവളതൊന്നും സമ്മതിച്ചില്ല. അവസാനം അവൻ അവളെ പിടിച്ചുവലിച്ചു വെള്ളത്തിൽ മുക്കി. അത്ര തന്നെ! അവൾ അതിസുന്ദരിയായൊരു ചെറുപ്പക്കാരിയായി. ഇവർ രണ്ടുകൂട്ടരും വീട്ടിൽ ചെന്നപ്പോൾ അവരുടെ മക്കളോ, അയൽപക്കക്കാരോ അവരെ തിരിച്ചറിഞ്ഞില്ല.

ഈ വിവരം നാടെങ്ങും പരന്നു. സകലരും പരീക്ഷ നടത്തി. അന്നു മുതൽ എല്ലാവരും അവിടെ ചെന്നു കുളിക്കാൻ തുടങ്ങി. കുളിച്ചവരൊക്കെ ദേവകളെപ്പോലെ അമരന്മാരും നിത്യയൌവ്വനമുള്ളവരുമായി തീർന്നു.

അവിടെയും ആ വികടം പിടിച്ച മഹർഷിപുംഗവനെത്തി. നാരദൻ! വല്ലവനും ക്ഷേമത്തോടെയും സമാധാനത്തോടെയും ഇരിക്കുന്നതു ആ ബ്രഹ്മകുലജാതന്നു പിടിക്കുമോ? ഭൂലോകവാസികൾ ദേവന്മാരെപ്പോലെ ആയാൽ പറ്റുമോ? എന്താണിതിന്നൊരു വഴി

യെന്നായി നാരദമഹാമുനിയുടെ ചിന്ത!

തലപൊളിച്ചാലോചിച്ചു. വഴിയൊന്നും കണ്ടില്ല. അവസാനം വയസ്സൻ ബ്രഹ്മാവിൻെറ അടുക്കെ ചെന്നു വിവരം പറഞ്ഞു. ബ്രഹ്മാവ് ഇതിൻെറ കാരണത്തെ പററി കണ്ണടച്ചൊന്നു ചിന്തിച്ചു. ആ പടുകിഴവൻെറ തലയിലില്ലാത്തതൊന്നുമില്ല. എഴുതിവെക്കുകയൊന്നും വേണ്ട വിദ്വാന്. സകലതും ആ നാലു തലയിലും കൂടി പൊതിഞ്ഞു വെച്ചിരിക്കയാണ്. കിഴവൻ കാര്യം മനസ്സിലാക്കി. 'പണ്ടു ഗരുഡൻ തൻെറ അമ്മയുടെ അടിമത്വം തീർക്കാൻ അമൃതു കട്ടുകൊണ്ടുവരുവാൻ പോകയും, അതു കാരണം ദേവേന്ദ്രനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കെ, അമൃതകലശത്തിൽനിന്നു ഒരു തുള്ളി താഴെ പിനാകിനിയിൽ വീഴുകയും ചെയ്തുകൊണ്ടാണ് ഇതു്' എന്നു വല്ല റിക്കാർഡും നോക്കി പറയുംപോലെ പറഞ്ഞു ബ്രഹ്മാവ്.

എന്തായാലും മനുഷ്യന്നു ദേവപദവി കൊടുക്ക വയ്യെന്നും നിശ്ചയിച്ചു ബ്രഹ്മാവ് ഹനുമാനെ വിളിച്ചു പിനാകിനീതടത്തിൽ (ജനങ്ങൾ കുളിക്കുന്ന ഈ കടവിൽ) ഒരു മല പുഴക്കി വെക്കാൻ പറഞ്ഞു. ഹനുമാനു പിന്നെ ഈ ഉദ്യോഗത്തിന്നു വേണ്ടത്ര എക്സ്പീരിയൻസ് (പരിചയം) ഉണ്ടല്ലോ. ഹനുമാൻ നിമിഷത്തിൽ മല കൊണ്ടുവന്നു തള്ളി. എന്നാൽ ആ മല പിനാകിനിയിൽ പാറിനിന്നതേയുള്ളു.



ഇതു കണ്ടു ബ്രഹ്മാവു പരിഭ്രമിച്ചു. മലയുറപ്പിക്കാനുള്ള കെല്പില്ല കിഴവന്. അസൂയ പറഞ്ഞുകൊടുക്കാനെ നിവൃത്തിയുള്ളു. 'ഇനി എന്താ ചെയ്യേണ്ടത്?' എന്നും ഓർത്തു കിഴവൻ നാരദനേയും കൂട്ടി വടിയും കുടയുമായി പരമശിവൻെറ അടുക്കെ എത്തി.

ശിവൻ കുറച്ചു പരിഷ്കരിച്ചവനാണ്. ബ്രഹ്മാവ് വന്നപ്പോൾ മൂപ്പർ

പാൎവ്വതിയുമായി ഡാൻസ് ചെയ്യുകയാണ്. കാണാൻ ഹാളിൽ നിറയെ ദേവന്മാരുണ്ട്. രാത്രി ഒമ്പതുമണി വരെ ഡാൻസുണ്ടായി. നാരദന്നു പാൎവ്വതിയുടെ ഡാൻസൊന്നു കാണണമെന്നുണ്ടായിരുന്നു. പക്ഷെ ബ്രഹ്മാവിനെ പേടിച്ചും, ഡാൻസിന്നു ടിക്കററുണ്ടോ ഇല്ലയോ എന്നു നല്ലപോലെ അറിയാത്തതുകൊണ്ടും പോയില്ല. ബ്രഹ്മാവിന്റെ കൂടെ ശിവന്റെ ബങ്കളാവിൽ തന്നെ കാത്തിരുന്നു.

രാത്രി ബ്രഹ്മാവും ശിവനും ഇതിനെ പററി സംസാരിച്ചു. ഒരു വഴിയും കണ്ടില്ല. ‘ശരി നാളെ വിഷ്ണുവിനോടും കൂടി ഒന്നാലോചിക്കാം’ എന്നും പറഞ്ഞു കിടന്നു.

കാലത്തെഴുന്നേററു ശിവനും ബ്രഹ്മാവും നാരദനും കൂടെ കാളപ്പുറത്തു (കുതിരപ്പുറത്തു കയറാൻ ശിവന്നു കുറച്ചു പേടിയാണ്. പണ്ടൊരു വീഴ്ച വീണിട്ടുണ്ടെന്നു ആരോ പറയുന്നതു കേട്ടിട്ടുണ്ടു.) കയറി യാത്രയായി. മൂന്നുപേർ കുറച്ചു ഓവർലോഡായിരുന്നു! എന്നാലും പോയി. അന്നു എസ്. പി സി. എ, (മൃഗങ്ങളെ അനുകമ്പയില്ലാതെ ഭാരം വലിപ്പിക്കുന്നതിനെ തടയാനുള്ള സംഘം) ഇല്ലല്ലൊ. അന്നു രാത്രിതന്നെ വിഷ്ണു ശിവനെയും കൂട്ടി, മലയുടെ രണ്ടു തലക്കും പിടിച്ചു വലിച്ചുകൊണ്ടുവന്നു കടവിലിട്ടു താഴ്ത്തി ഉറപ്പിച്ചു.

രാവിലെ ജനങ്ങൾ കുളിക്കാൻ വന്നപ്പോൾ അവിടെ മലയുറച്ചിരിക്കുന്നതു കണ്ടു. ഇതിന്റെ കാരണമാരാഞ്ഞു കണ്ടുപിടിച്ചു. ഈശ്വരന്മാർ നമ്മെ കുഴിയിലിട്ടു മൂടിയാലും നാം അതു ‘ഭഗവാന്റെ കളി’ എന്നും പറഞ്ഞു സമാധാനിക്കുന്നവരല്ലെ? അസ്ഥി ‘പുഷ്പ’മായതിനേയും ഈ മലയേയും കൂട്ടിച്ചേൎത്തു ആ മലക്കു ‘പുഷ്പഗിരി’യെന്നു പേരിട്ടു. ഇതു കടപ്പയിൽനിന്നു പത്തു നാഴിക അകലെയാണ്. വലിയൊരു തീൎത്ഥാടനകേന്ദ്രവുമാണ്.





പണി പററി

ഒരു ദിവസം ശങ്കരശൎമ്മ ഭാൎയ്യയെ വിളിച്ചു പറഞ്ഞു "നമുക്കു വയസ്സായി. ഇനി ഞാൻ വീട്ടുകാൎയ്യങ്ങളിലൊന്നും തലയിടുകയില്ല. കുട്ടികൾ രണ്ടാളും മുതിൎന്നില്ലെ? അവർ കല്യാണവും കഴിച്ചു. ഇനിയൊക്കെ അവർ നോക്കട്ടെ കാൎയ്യങ്ങൾ. നമുക്കു പ്രായമായില്ലെ? ഇനി പരലോകത്തിലേക്കുള്ള ഗതി നോക്കാം. നീയും വീട്ടുകാൎയ്യങ്ങളൊക്കെ മരുമക്കളെ ഏല്പിക്കുക. നമുക്കു രണ്ടു പേൎക്കും ദിവസവും ക്ഷേത്രത്തിൽ പോയി പുസ്തകപാരായണവും കേട്ടു ഭജനയും കഴിച്ചു മടങ്ങാം."

പുണ്യം സമ്പാദിക്കലും ഭാൎയ്യയോടു കൂടി തന്നേ വയ്കൂ എന്നുവെച്ചിട്ടാണു ശൎമ്മ ഇതു പറഞ്ഞതു്. ഭാൎയ്യ എന്നു വെച്ചാൽ അത്ര ഭ്രമവും, ഭക്തിയും, ഭയവുമാണ് ശൎമ്മക്കു്. ഭാൎയ്യക്കു ഇതിൽ അത്ര സമ്മതമുണ്ടായിരുന്നില്ലെങ്കിലും 'മരിച്ചുപോകുമ്പോൾ സ്വൎഗ്ഗത്തിൽ ഒരു മുറി കിട്ടില്ലെ' എന്നു കരുതി ശൎമ്മ പറഞ്ഞപോലെയൊക്കെ സമ്മതിച്ചു.

നിത്യവും രണ്ടു പേരും അടുത്ത ക്ഷേത്രത്തിൽ പോകും. വായന കേൾക്കും, ഭജിക്കും, തൊഴുകും. ശൎമ്മ വളരെ ശ്രദ്ധയോടും ഭക്തിയോടും കൂടിയായിരുന്നു അതൊക്കെ ചെയ്തതു്. ഭാൎയ്യക്കു ഇടക്കു മനസ്സിളകും. വായന കേൾക്കുന്നതിനിടക്കു അവൾ പറഞ്ഞിരുന്നു 'പോവാം. കുട്ടികൾ അവിടെ എന്തു ചെയ്യുമോ? ആ പാലു മുഴുവൻ കഴിക്കും. നാളെക്കു മോരുണ്ടാവില്ല' എന്നൊക്കെ. അവിടെയും മരുമക്കൾ പാൽ കുടിച്ചെങ്കിലോ എന്നായിരുന്നു അമ്മായിഅമ്മയുടെ ഭയം. എങ്കിലും 'പ്രസാദം അവസാനമല്ലെ കിട്ടുകയുള്ളു. അതു കിട്ടിയാലല്ലെ അന്നത്തെ ഭജന പൂൎത്തിയാവുള്ളു' എന്നുമോൎത്തു ക്ഷമിച്ചിരിക്കു പതിവായിരുന്നു. പിന്നീടു പ്രസാദം കൊണ്ടുവന്നു ഈയമ്മ

സി. എം. സരോജ



തന്റെ മകളുടെ കയ്യിൽ കൊടുക്കുക പതിവായിരുന്നു. മകൾക്കല്ലാതെ മക്കളുടെ ഭാര്യമാർക്കു ഒരിക്കലും പ്രസാദം കൊടുത്തിരുന്നില്ല.

ഒരു ദിവസം ശർമ്മ സതിയോടു പറഞ്ഞു: "നീ മരുമക്കൾക്കു പ്രസാദം കൊടുക്കാത്തതെന്താണു്? വാസ്തവത്തിൽ അതന്യായമാണു്. അവർ വിചാരിക്കില്ലെ നീ പക്ഷപാതിത്വം കാണിക്കയാണെന്നു്? മരുമക്കളെയും മക്കളെപ്പോലെ തന്നെ കരുതണം" എന്നു്.

ഇതു കേട്ടു ശ്രീമതിക്കു ദേഷ്യം വരായയല്ല. എങ്കിലും ക്ഷമിച്ചു. മാത്രമല്ല തന്റെ കള്ളി പുറത്തായല്ലൊ എന്നോർത്തു കുറച്ചു ലജ്ജയുമായി. 'മക്കളൊ മററെ ഈ കള്ളി മനസ്സിലാക്കിയാൽ കൂടുതൽ കുഴപ്പമാവില്ലെ? എങ്ങിനെയായാലും ഇനി സൂക്ഷിച്ചുവേണം ഇതൊക്കെ ചെയ്യാൻ' എന്നു തീർച്ചയാക്കി.

അടുത്തദിവസം അമ്പലത്തിൽ രാമജനനത്തെ പററിയായിരുന്നു വായന. സന്താനപ്രാപ്തിക്കു വേണ്ടി ദശരഥൻ പുത്രകാമേഷ്ടി യാഗം കഴിച്ചപ്പോൾ ഹോമകുണ്ഡത്തിൽനിന്നു അഗ്നിഭഗവാൻ വന്നു പായസം കൊടുത്തതും ദശരഥൻ പായസത്തെ കൌസല്യക്കും കൈകേയിക്കും സമമായി ഭാഗിച്ചുകൊടുത്തതും, സുമിത്രക്കു കിട്ടാതിരുന്നതും കൌസല്യയും കൈകേയിയും തങ്ങളുടെ ഭാഗത്തിൽനിന്നു പാപ്പാതിയെടുത്തു സുമിത്രക്കു കൊടുത്തതും തന്മൂലം സുമിത്രക്കു രണ്ടും മററവർക്കു ഓരോന്നും വീതം പുത്രന്മാർ തീർന്നതുമൊക്കെ വിസ്തരിച്ചു വായിച്ചു അർത്ഥം പറഞ്ഞു ശാസ്ത്രികൾ.

ഇതു കേട്ടു ശർമ്മയുടെ പത്നിക്കു തോന്നി "വാസ്തവത്തിൽ ദശരഥൻ കൌസല്യാ കൈകേയിമാരേക്കാൾ അധികം സ്നേഹിച്ചതു സുമിത്രയെയാണു്' എന്നു്. 'സൂത്രത്തിൽ അവൾക്കു രണ്ടു കുട്ടികളുണ്ടാവാൻ ദശരഥൻ ബുദ്ധിപൂ



ൎവ്വം ചെയ്ത പണിയാണു അതു്’ എന്നൊക്കെ. ആയമ്മ കൂടുതൽ ചിന്തിച്ചു. ‘ഞാനും ഈ സൂത്രമെടുക്കും. ഞാൻ മരുമക്കളോടു കുറച്ചു കൂടുതൽ സ്നേഹം കാണിക്കും. എന്നാൽ അവർ രണ്ടാളും മകളെ കൂടുതൽ സ്നേഹിച്ചു കൊള്ളും’ എന്നു്.

അന്നു പ്രസാദം കൊണ്ടു വീട്ടിൽ വന്നു. വീട്ടിൽ വന്നവുടൻ ശൎമ്മപത്നി മരുമക്കളെ വിളിച്ചു പ്രസാദംകൊടുത്തു.

അവർ അന്തം വിട്ടു. ‘ഇതെന്തു പുതുമയാണെ’ന്നായിരുന്നു അവരുടെ ചിന്ത. നാളതുവരെ മകൾക്കു മാത്രം കൊടുത്തിരുന്ന അമ്മ അന്നു തങ്ങൾക്കു തരുവാൻ എന്തായിരുന്നു കാരണമെന്നവൎക്കാലോചിച്ചിട്ടൊന്നും കിട്ടിയില്ല. ചോദിക്കാനും ധൈര്യമില്ല.

അമ്മ പറഞ്ഞു : “ദിവസവും കുറച്ചു മാത്രമെ പ്രസാദം കിട്ടിയിരുന്നുള്ളു. കുറേശ്ശ കൊണ്ടുവന്നാൽ ആൎക്കാവാനാണു്? അതിനാൽ ഒരാൾക്കെങ്കിലുമാവട്ടെ എന്നു വെച്ചായിരുന്നു ഞാൻ കുട്ടിക്കു മാത്രം കൊടുത്തിരുന്നതു്. ഇന്നു കുറച്ചധികം കിട്ടി. അതിനാൽ നിങ്ങൾക്കു തന്നു.”

‘അവൾക്കു കൊടുക്കാതെ ഞങ്ങൾ എങ്ങിനെ സേവിക്കും ?’ രണ്ടു മരുമക്കളും ഒരുമിച്ചു ചോദിച്ചു. അതിനെന്താണു് ? ‘നിങ്ങൾ രണ്ടാളും അവൾക്കു കുറേശ്ശെ കൊടുത്താൽ കഴിഞ്ഞില്ലെ ? “അമ്മ തന്റെ മോഹം അവസരോചിതം പറഞ്ഞു മനസ്സിലാക്കി. മരുമക്കൾ രണ്ടാളും തങ്ങളുടേതിൽനിന്നു പാതി പാതി മകൾക്കു കൊടുക്കയും ചെയ്തു.

അച്ഛനും പുത്രന്മാരും, വന്ന പെണ്ണുങ്ങളുടെ മര്യാദ കണ്ടു സന്തോഷിച്ചു.

ശൎമ്മയുടെ പത്നി താൻ ദശരഥനെ അനുകരിച്ചതു ഫലിച്ചുവെന്നോൎത്തു സന്തുഷ്ടയായി. ‘കുററമല്ല ഈശ്വരകഥകൾ കേൾക്കുന്നതു നല്ലതാണെന്നു വലിയവർ പറയുന്നതു്?” അവൾ ചിന്തിച്ചു സന്തോഷിച്ചു.

ഒരുത്തൻ: "ആരെടൊ പറഞ്ഞതു് അവൾക്കു ഭ്രാന്താണെന്നു് ?"

മററവൻ: അവളുടെ ഭർത്താവു തന്നെ! ഇന്നലെ രാത്രി ആയാളെ അവൾ വളരെ തല്ലിയത്രെ!

ആദ്യത്തവൻ: "ഹും! ആ ഭ്രാന്തു രാത്രി ആയാളോടു മാത്രമേയുള്ളു. ദിവസവും ഉണ്ടുതാനും."

* * *

തുണിപ്പീടികയിലെ മുതലാളി: 'നിങ്ങൾ ഈ ഷാപ്പിൽ തീപ്പിടിച്ചു കണ്ടാൽ എന്തു ചെയ്യും?'

ലേഡി ടൈപ്പിസ്റ്റ്: "ഉടനെ എല്ലാ വസ്ത്രവും നീക്കി ഞാൻ മാനേജരുടെ മുറിയിൽ ചെന്നു്........" എന്നു പറഞ്ഞപ്പോഴെക്കും മുതലാളി 'മതി മതി' നിങ്ങൾ മിടുക്കത്തി തന്നെ. പത്തുറുപ്പിക ശമ്പളം കൂട്ടിത്തന്നിരിക്കുന്നു" എന്നു പറഞ്ഞു.

* * *

കാപ്പി കുടിക്കാൻ വന്നവൻ: "വാസന്തിക്കു എന്താ ചാർജ്ജ്?"

സപ്ലയർ: "സാർ, ഈ വക വഷളത്തം ഞങ്ങളോടു പറയരുതു്. വാസന്തി ഞങ്ങളുടെ മുതലാളിയുടെ മകളാണു്."

പിച്ചക്കാരൻ: "നിങ്ങൾ ദാനധർമ്മത്തിൽ വളരെ ചിട്ടയുള്ള ഗൃഹനായികയാണു്."

ഗൃഹനായിക: "എന്നുവെച്ചാൽ?"

പിച്ചക്കാരൻ: "മറെറാന്നുമല്ല. നിങ്ങൾ തന്ന ഭക്ഷണം, നിങ്ങളുടെ നോട്ടത്തിൽ ഇനി കേടുവരാനും എൻെറ നോട്ടത്തിൽ അതിലധികം നന്നാവാനും നിവൃത്തിയില്ല. സന്തോഷം!"

* * *

ഭാര്യ: ഇന്നു സന്തോഷവർത്തമാനമുണ്ടു. അപ്പുകുട്ടനു് പരീക്ഷയിൽ കണക്കിന്നു നൂറിൽ ഇരുപതു മാർക്കു കിട്ടി."

ഭർത്താവു്: (ഉള്ളിൽ തോന്നിയതിനെ ഒതുക്കി) "ങ്ഹാ! അമ്മയുടെ ബുദ്ധിയും പരിചയവും അങ്ങിനെ മകനു കിട്ടിയിട്ടുണ്ടല്ലൊ!"

* * *

ആയാൾ: "എന്താ സാർ, ഈ ഫോട്ടോവിൽ എനിക്കു കൂടുതൽ വയസ്സായതുപോലെ തോന്നുന്നുവല്ലൊ."

ഫോട്ടോഗ്രാഫർ. "സാർ, ഞാനതു ബുദ്ധിപൂർവ്വം ചെയ്തതാണു്. അല്ലെങ്കിൽ കുറച്ചു പ്രായംകൂടിയായാൽ നിങ്ങൾക്കു വേറെ ഫോട്ടൊ എടുക്കേണ്ടി വരില്ലെ?"



സത്രം

പേർഷ്യയിൽ പണ്ടു ഫസൽമുഹമ്മദ് എന്നൊരു ബാദുഷ രാജ്യം ഭരിച്ചിരുന്നു. ആയാൾക്കു മരാമത്തിൽ വലിയ കമ്പമായിരുന്നു. തനിക്കു താമസിക്കാനായി അനവധി ലക്ഷം പണം ചെലവാക്കി അതിമനോഹരമായൊരു അരമന പണിയിച്ചു. പല നാട്ടിൽനിന്നു പലപല ശില്പികളെ കൊണ്ടുവന്നു ഭണ്ഡാരത്തിലെ സകല പണവും ചെലവാക്കിയാണു അദ്ദേഹം ഈ മാളിക പണിയിച്ചതു്.

വെൺമക്കല്ലുകളും നവരത്നങ്ങളും എത്രയാണു് ആ മാളികക്കു വേണ്ടി വാങ്ങിയതെന്നു കണക്കാക്കാൻ കഴിവില്ല. ഇത്രയൊക്കെയായിട്ടും അദ്ദേഹത്തിന്നു മരാമത്തിൽ പരിപൂർണ്ണസംതൃപ്തിയുമായില്ല.

പണം ചെലവഴിക്കുംതോറും പദവിയും പ്രമാണിത്തവും കിട്ടാവുന്നതല്ലെ നമ്മുടെ ലോകത്തിൽ! ബഹുമാനനീയനല്ലാത്ത മൊശകോടന്നും പണമുണ്ടെങ്കിൽ വായ്ക്കു് കയ്യും പൊത്തി നില്ക്കാൻ അനവധി 'സ്വസ്തി'ക്കാരുണ്ടാവും. അവന്നു ലോകത്തിൽ എന്തഴിമതിയും ചെയ്യാൻ കഴിയും. ഇതിന്നു പുറമെ അവന്റെ കയ്യിൽ അധികാരച്ചെങ്കോലും കൂടിയുണ്ടെങ്കിലോ? നാടു നശിച്ചതു തന്നെ!

ബാദുഷയുടെ ഉത്തുംഗസൌധം കാണാൻ നാനാ ദിക്കിൽനിന്നും ആളുകൾ വരുവാൻ തുടങ്ങി. പലരും ഇദ്ദേഹത്തെ പുകഴ്ത്തി. നാട്ടാരുടെ വിയർപ്പുതുള്ളികളിൽനിന്നു വാർത്തെടുത്ത പണമാണു ഈയാളുടെ സ്വാർത്ഥപ്രമത്തതക്കു ചെലവഴിച്ചിരിക്കുന്നതെന്നു പറവാൻ ആർക്കു കരുത്തുണ്ടു്? മററു ദേശങ്ങളിൽനിന്നു വരുന്നവർക്കു വിരുന്നൂട്ടി സന്തോഷിപ്പിച്ചും, ചുററുപാടുമുള്ളവരെ കണ്ണുരുട്ടി പേടിപ്പിച്ചും ബാദുഷ പേർ സമ്പാദിച്ചു.

പി. എം. അഹമ്മത്



ആ സമാധാനത്തോടെ വീണ്ടും ഈയാൾ ഇരുപതു കൊല്ലം രാജ്യം ഭരിച്ചു.. അതിനുശേഷം ആയാൾക്കും ഹള്ളാവിന്റെ സ്വദേശത്തേക്കു ചീട്ടു വാങ്ങേണ്ടിവന്നു. മരിക്കുമ്പോൾ മകനെ വിളിച്ചു പറഞ്ഞു: “മകനെ, നിനക്കറിയാമല്ലൊ ഞാനെത്ര പണം ചെലവാക്കിയാണു ഈ മണിമന്ദിരം പണിതതു എന്നു്. നീ ഇതിനെ എന്നും പുത്തനാക്കിതന്നെ നിലനിർത്തണം. എന്റെ പേർ കേട്ടവരുത്തരുതു്” എന്നും പറഞ്ഞു അന്തിമശ്വാസം വലിച്ചു.

മകൻ സിംഹാസനാരൂഢനായി. തന്റെ പിതാവിന്റെ ആജ്ഞയെ ശിരസാ വഹിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹത്തെ നിറവേററാൻ നിശ്ചയിച്ചു മകൻ. ആയാൾ ആ മാളികക്കു ചുററും ‘സാമ്യമകന്നൊരുദ്യാനം’ ഉണ്ടാക്കിച്ചു. ജനങ്ങൾ അതിനെയും പുകഴ്ത്തി.

അച്ഛന്റെ കാലത്തുതന്നെ ഖജാനയുടെ അടി തുടച്ചിരുന്നു. മകന്നു പണത്തിന്നാവശ്യം വന്നു. വഴിയില്ല. രാജാക്കന്മാരുടെ ധൂർത്തിന്നനുസരിച്ചാണല്ലൊ പ്രജകളിൽ ചുമത്തുന്ന നികുതിയുടെ ഏററക്കുറച്ചിൽ! പുതിയ പുതിയ നികുതികൾ നിർബ്ബന്ധപൂർവ്വം പല പേരിലും പിരിക്കാൻ തുടങ്ങി. ഭരണക്രൂടത്തിന്റെ രഹസ്യം മററുള്ളവർക്കറിയില്ലെന്നല്ലെ ഭരണകർത്താക്കളുടെ മിഥ്യാബോധം? ജനങ്ങൾ നികുതിഭാരത്താൽ ഞെങ്ങി ഞെരുങ്ങുവാൻ തുടങ്ങി. പലരും പലതും പിറുപിറുത്തു ‘ഈ ദുഷ്ടൻ തൻകാര്യത്തിന്നുവേണ്ടി നമ്മുടെ രക്തമാണു ഊററിക്കുടിക്കുന്നതെന്നു് പലരും പറയുവാൻ തുടങ്ങി. പക്ഷെ ആവക പ്രതിഷേധങ്ങൾ എവിടെ ഫലിക്കാനാണു്? പോലീസും പട്ടാളവും സേവക്കാരായ മുറാളന്മാരും ഭരണകർത്താക്കളുടെ ചൊൽപടിയിലിരിക്കുംകാലം പൊതുജന പ്രതിഷേധങ്ങൾ ഫലിക്കുമോ? പ്രതിഷേധിച്ചവരെയൊക്കെ ബാദുഷാകിങ്കരന്മാർ കശാപ്പുവെച്ചു. മററുള്ള



കളും ചുമത്തി കഴിഞ്ഞിരുന്നു. ഇനിയും പുതിയ പേരിൽ എന്തു നികുതിയാണു് ചുമത്തേണ്ടതെന്നായി ഉദ്യോഗസ്ഥന്മാരുടെ ചിന്ത. അവസാനം 'നാവി'ന്നു നികുതി കെട്ടി. അതായതു പഠിച്ചവർക്കും സംസാരിക്കുന്നവർക്കും ഒക്കെ! അന്യായത്തിന്നും അതിരു വേണ്ടേ? ആർ ചോദിക്കാനാണു്? പട്ടിണിപ്പാവങ്ങൾ ശ്വാസം മുട്ടി ജീവിച്ചു! നികുതി അടക്കാത്തവർ ആണോ, പെണ്ണോ, കുട്ടിയോ ആരായാലും ശരി അവരുടെ നാവരിയുമെന്നായിരുന്നു രാജകല്പന!

ജനങ്ങൾ രാജാവിനെ പുലഭ്യം പറവാൻ തുടങ്ങി. പക്ഷെ പതുക്കെ. പുറത്തറിഞ്ഞാൽ തല കാണില്ലല്ലോ. ആത്മഭീതി ആർക്കുമില്ലേ? എല്ലാവരും എന്തൊക്കെയോ ചെയ്തു രാജശാസന സ്വീകരിച്ചു.

അങ്ങിനെയിരിക്കുമ്പോൾ പട്ടണത്തിൽ ഒരു ഫക്കീർ (സന്യാസി) വന്നു. ആയാൾ 'അല്ലാഹോ അക്ബർ' എന്നും പറഞ്ഞു വീടുവീടാന്തരം നടന്നു. ആരും ഭിക്ഷ കൊടുത്തില്ല. സന്യാസിക്കത്ഭുതം തോന്നി! 'ഇത്ര നിർദ്ദയന്മാരാണോ ഈ പ്രദേശത്തുകാർ?' എന്നയാൾ വിചാരിച്ചു.

ഫക്കീർ ഒരു മനുഷ്യനോടു ഇതിന്റെ കാരണം ചോദിച്ചു. ആയാൾ പറഞ്ഞു "ഇവിടെ നിങ്ങൾക്കു പിച്ചയൊന്നും കിട്ടില്ല. ഓരോരുത്തരും നാവു പോകരുതെന്നു കരുതി പല കടുംകയ്യും ചെയ്താണു കാശുണ്ടാക്കി നികുതി അടക്കുന്നതു്" എന്നു്. ഫക്കീറിന്നു ക്രമേണ എല്ലാം മനസ്സിലായി. 'ഇതെന്തൊരു പരമദുഷ്ടനായ ബാദുഷയാണ്. ഇവനെ ഒരു പാഠം പഠിപ്പിക്കണം' എന്നുറപ്പിച്ചു ഫക്കീർ.

ഫക്കീർ നേരെ അരമനയിലെത്തി. ഒരുത്തനോടും ചോദിക്കാതെ അകത്തു കടന്നു. ബാദുഷയുടെ പരിചയക്കാരനായിരിക്കുമെന്നു കരുതി കാവൽക്കാർ. ഫക്കീർമാരെയൊ സന്യാസികളെയൊ



വർ ആത്മഭയത്താൽ മിണ്ടാതിരുന്നു കഷ്ടപ്പെട്ടു ആവശ്യപ്പെട്ട നികുതി അടച്ചുകൊടുത്തു. ആ നിണം പുരണ്ട നാണയങ്ങൾ രാജമന്ദിരത്തെ കൂടുതൽ ധവളീകൃതമാക്കി.

അങ്ങിനെ പൊതുജനങ്ങളെ പിഴിഞ്ഞരിച്ചൂററിയെടുത്ത കാശിന്റെ മാദകലഹരിയിൽ ഇരുപത്തഞ്ചു കൊല്ലം രാജ്യഭാരം ചെയ്തു ഈ ബാദുഷയും ജീവിതം പര്യവസാനിപ്പിച്ചു. മരിക്കുമ്പോൾ മകൻ അബ്ദുള്ളയെ വിളിച്ചു പറഞ്ഞു: "മകനെ, ഈ മണിമാളികയാണു നമ്മുടെ പേർ നാടെങ്ങും പരത്തിയിട്ടുള്ളത് നീ അതിനെ വേണ്ടപോലെ നിർത്തണം. നിന്റെ മുത്തശ്ശന്റെയും അച്ഛന്റെയും പേരിന്നു കളങ്കമുണ്ടാക്കരുത്" എന്നും പറഞ്ഞു കണ്ണടച്ചു!

അബ്ദുള്ള ബാദുഷയായി. തന്റെ അച്ഛനേക്കാളും പേരെടുക്കണമെന്നായിരുന്നു അബ്ദുള്ളയുടെ മോഹം. അബ്ദുള്ള കാലാനുസൃതം വന്നുചേർന്ന പുതുപരിഷ്കാരങ്ങളെല്ലാം രാജഹർമ്മ്യത്തിലും വരുത്തി. അതിനും കണക്കില്ലാത്ത പണം ചെലവഴിക്കേണ്ടിവന്നു. 'അന്യ ദേശങ്ങളിൽനിന്നു ശില്പികളെ വരുത്തി പണിയിച്ചാലേ പേരുള്ളു' എന്ന തെററിദ്ധാരണയോടെ ഈ മഹാൻ പല വിദേശ ശില്പികളെയും വരുത്തി പല പണികളും ചെയ്യിച്ചു. 'മുററത്തെ മുല്ലക്കു മണമില്ല' എന്നൊരു പഴഞ്ചൊല്ലുണ്ടു്. അവനവന്റെ നാട്ടിലെ ബുദ്ധിശാലികളേയോ, മിടുക്കന്മാരേയോ ഈ പണക്കാർക്കു കണ്ണിൽ പിടിക്കില്ല. എന്നിട്ടു അതിനുപകരം അന്യനാട്ടിൽനിന്നു വല്ല വഷളന്മാരെയും കൊണ്ടുവന്നു പേരും പെരുമയുമുണ്ടാക്കും. ഇന്നും ഈവക വിഡ്ഢിത്തരം നമ്മുടെ ഇടയിൽ പലരും കാണിക്കുന്ന കാണാം! വിഡ്ഢികൾ!

അബ്ദുള്ള പുതുനികുതികൾക്കു കല്പന കൊടുത്തു. സകലവിധ നികുതി

ആരും അത്രയൊന്നും സംശയിക്കില്ലല്ലോ! ആയാൾ നേരെ രാജാവിന്റെ ആസ്ഥാനത്തിൽ ചെന്നു. അകത്തു കടന്നു ഒരു ഭൃത്യനോടു 'കുളിമുറി എവിടെ'? എന്നു ചോദിച്ചു. ഭൃത്യൻ ആദരപൂർവ്വം കാണിച്ചുകൊടുത്തു. ഫക്കീർ വൃത്തിയായി കുളിച്ചു. നേരെ അടുക്കളയിൽ ചെന്നിരുന്നു.

വെപ്പുകാരൻ, ഇദ്ദേഹം രാജാവിന്റെ വിരുന്നുകാരനാണെന്നു കരുതി ഭയഭക്തിപുരസ്സരം ഭക്ഷണം കൊടുത്തു. ഫക്കീർ രാജകീയഭോജനവും കഴിഞ്ഞു എഴുനേററു കൈ കഴുകി.

ഇതിനിടെ ഫക്കീർ ബാദുഷയുടെ കിടപ്പുമുറി എവിടെയെന്നു മനസ്സിലാക്കി. ഊണും കഴിഞ്ഞു ആ മുറിയിൽ കടന്നു. രത്നഖചിതമായ ആട്ടുകട്ടിൽ, സിൽക്കു കിടക്ക! സുഖവഴി! ഫക്കീർ അതിന്റെ മുകളിൽ കയറി സുഖമായി കിടന്നുറങ്ങി. കൂർക്കംവലിയും തുടങ്ങി.

കുറച്ചു കഴിഞ്ഞു് ഈ ഫക്കീറിന്റെ വർത്തമാനം ബാദുഷയറിഞ്ഞു. അബ്ദുള്ള അത്ഭുതത്തോടെ തന്റെ മുറിയിൽ ചെന്നു നോക്കി. ഫക്കീർ കൂർക്കം വലിക്കുകയാണു്. 'അബ്ദുള്ള ദേഷ്യത്തോടെ വിളിച്ചു. ഫക്കീർ ഉണർന്നില്ല. ബാദുഷ അവിടെതന്നെ ഇരുന്നു. കുറച്ചു



കഴിഞ്ഞു ഫക്കീർ ഉണർന്നു. ബാദുഷ ചോദിച്ചു "നിങ്ങൾ എന്തിനാണു ഇവിടെ കയറിവന്നതു്? നിങ്ങളെപ്പോലുള്ളവർക്കു പുറത്തു സത്രം കെട്ടിയിട്ടിട്ടുണ്ടല്ലോ."

'ഇതും ഒരു സത്രം തന്നെയല്ലേ?' ഫക്കീർ ചോദിച്ചു.

'ഛീ! സത്രമോ? ഇതു രാജഗൃഹമാണു്, അറിയുമോ? രാജാവിന്നു താമസിക്കാനുള്ള മാളിക' ബാദുഷ പറഞ്ഞു.

'ഓഹോ! അങ്ങിനെയോ? നിങ്ങളുടെ മുത്തച്ഛൻ ഇതിൽ എത്രകാലം താമസിച്ചു?" സന്യാസി സാവധാനം ചോദിച്ചു. ക്രോധാവിഷ്ടനായിക്കൊണ്ടു 'ഇരുപതു കൊല്ലം' ബാദുഷ പറഞ്ഞു.

‘അച്ഛനോ?’ ഫക്കീർ ചോദിച്ചു.

‘അമ്പതു കൊല്ലം’ ബാദ്ഷ പറഞ്ഞു.

‘നിങ്ങൾ എത്ര കൊല്ലം താമസിക്കണമെന്നാണു വിചാരിക്കുന്നതു്?” സന്യാസി വ്യക്തമായി ചോദിച്ചു.

‘എനിക്കു മുപ്പതു വയസ്സായി. ജനിച്ചു മുതൽ ഇതിൽ തന്നെ. ഇനി മരിക്കുന്നതുവരെയും ഇതിൽതന്നെ താമസിക്കും’ ബാദ്ഷ സാഭിമാനം പറഞ്ഞു.

‘ശരി, മുപ്പതു കൊല്ലം കഴിഞ്ഞു. നിങ്ങൾ നൂറു വയസ്സുവരെ ജീവിക്കുമെന്നു കരുതുക. അപ്പോൾ ഇനിയും എഴുപതു കൊല്ലം ഇതിലിരിക്കും. അല്ലെ?” എന്നും ചോദിച്ചു ബാദ്ഷയെ നോക്കി പുഞ്ചിരിച്ചു ഫക്കീർ.

ബാദ്ഷക്കു സന്യാസിയുടെ വേദാന്തമൊന്നും മനസ്സിലായില്ല. എങ്ങിനെയോ ‘അതെ’ എന്നു മറുപടിയും പറഞ്ഞു.

അപ്പോൾ ഫക്കീർ കട്ടിലിൽനിന്നു താഴത്തിറങ്ങി പറഞ്ഞു: “മഹാരാജാവെ, ഞാൻ പറഞ്ഞതു മനസ്സിലായില്ല അല്ലെ? ഈ മണിമന്ദിരവും ഒരു സത്രമല്ലാതെ മറെറന്താണു്? അവിടുത്തെ അച്ഛൻ, മുത്തച്ഛൻ മുതലായവർ ഇതിൽ കുറച്ചുകാലം താമസിച്ചുപോയി. ഇനി അവിടുന്നും കുറച്ചുകാലം താമസിച്ചു യാത്രയാവും! എന്നെന്നേക്കും താമസിക്കുവാൻ സാദ്ധ്യമല്ലല്ലൊ. ഈ സത്രത്തിന്നുവേണ്ടി എന്തിനാണു സാധുജനങ്ങളുടെ ചോരയൂററി പണമുണ്ടാക്കുന്നതു്? ഇപ്പോൾ മനസ്സിലായോ ഞാൻ പറഞ്ഞതു്?” മേലിൽ ഭണ്ഡാരത്തിലെ പണം പൊതുജനനന്മക്കു വേണ്ടി ചെലവഴിക്കുക. പ്രജകളെ ദുഃഖിപ്പിക്കരുതു്. എന്റെ വന്ന ഉദ്ദേശം തീർന്നു. ഇനി ഞാൻ ഈ സത്രത്തിൽ താമസിക്കയില്ല. പോട്ടെ എന്നും പറഞ്ഞു സന്യാസി ഇറങ്ങി പോയി.

ബാദ്ഷ അബ്ദുള്ളയുടെ കണ്ണു തുറന്നു. ഭണ്ഡാരം പൊതുജനസ്വത്താക്കി നിശ്ചയിച്ചു. ജനങ്ങളുടെ കഷ്ടവും തീർന്നു.



ജ്ഞാനവൎദ്ധന

മുമ്പെത്തെ പ്രതികളിലും നിങ്ങൾ അറിയേണ്ട പല വിഷയങ്ങളും ഈ വിധം ഓരോ പേജുകളിൽ കൊടുത്തുവന്നിട്ടുണ്ട്. പഠിക്കുന്ന മരുമക്കൾക്കും പഠിപ്പു കഴിഞ്ഞവൎക്കും ആവിധ വിഷയങ്ങൾ ഉപയോഗപ്രദമാവുന്നുണ്ടെന്നു പല മരുമക്കളും അമ്മാമന്നു എഴുതിയിട്ടുണ്ട്. അവ്വിധം ഉപയോഗപ്രദങ്ങളായ പല വിഷയങ്ങളും അമ്മാമൻ പഠിപ്പിച്ചുതരാം. അങ്ങിനെ നിങ്ങൾക്കാവശ്യമുള്ളതു അമ്മാമനെ അറിയിക്കുവിൻ. പക്ഷെ ഒന്നോ രണ്ടോ മരുമക്കൾക്കുവേണ്ടി അങ്ങിധെ ചെയ്യാൻ സാധിച്ചുവെന്നു വരില്ല. പൊതുവെ എല്ലാവൎക്കും വേണ്ട എന്തു കാൎയ്യമായാലും എഴുതാം. പോരെ ?

റെയിൽവെ (ഓരോ രാജ്യത്തെ നീളം)

രാജ്യം	ആകെ നീളം (സുമാർ)
ഇന്ത്യയും പാകിസ്ഥാനും	40510 നാഴിക
സിലോൺ	920 ,,
ബൎമ്മ	1450 ,,
ജാപ്പാൻ	15260 ,,
മലായാ	1070 ,,
ആസ്ത്രേലിയ	27220 ,,
യു. എസ്. എ.	227250 ,,
റഷ്യ	66000 ,,
ചൈന	9290 ,,
ഗ്രെയ്റ്റ് ബ്രിട്ടൻ	19870 ,,

ലോകത്തിലെ ഏററവും വലിയ കപ്പലുകൾ

കപ്പലിൻെറ പേർ	നീളം	വീതി	ടണ്ണേജ്	രാജ്യം
ക്യൂൻ എലിസബത്ത്	987 അടി	118 അടി	83673	ബ്രിട്ടൻ
ക്യൂൻ മേരി	975 ,,	118 ,,	81235	,,
ലിബർടി	890 ,,	102 ,,	49746	ഫ്റഞ്ച്
കാൺടി ഡിസവോയ	815 ,,	96 ,,	48502	ഇററലി
ന്യൂ ആംസ്റ്റർഡാം	714 ,,	88 ,,	36667	ഡച്ച്

ഇതിന്നു താഴെ അധികം വലുപ്പമുള്ളതിൽ അധികവും ബ്രിട്ടീഷു കപ്പലുകളാണ്. നമ്മുടെ ഇന്ത്യൻ നാവികവാഹനങ്ങൾ തുലോം ചെറിയവയാണ്.



ബാലിയുടെ പൂജ

ഒരു കാട്ടിൽ ഒരു വലിയ തടാകമുണ്ടായിരുന്നു. വാനരരാജാവായ ബാലി ഒരു നാൾ ആ വഴി പോകയായിരുന്നു. നേരം സന്ധ്യയായി. ദേവപൂജക്കുള്ള സമയവുമായി.

ബാലി വലിയ ശിവഭക്തനായിരുന്നു. എവിടെ പോകുമ്പോഴും തന്റെ കൂടെ ഒരു ശിവലിംഗം കൊണ്ടുപോകയും പതിവായിരുന്നു. സന്ധ്യയായപ്പോൾ ബാലി തടാകത്തിൽ കുളിച്ചു അതിന്റെ തീരത്തു ശിവലിംഗവും വെച്ചു പൂജ തുടങ്ങി. ഇതെ സമയത്തു ചില വേടന്മാർ ആ വഴി വന്നു. വേടന്മാർ ബാലിയുടെ പൂജയും മറ്റും കണ്ടു അവിടെ നിന്നു. പിന്നീടവർ ആയുധങ്ങളൊരിടത്തു വെച്ചു ശിവലിംഗത്തിന്റെ അടുക്കെ വന്നു നമസ്കരിച്ചു.

ആ ശിവലിംഗം കണ്ടു അവക്കു വലിയ ഭക്തി തോന്നി. അവർ വിചാരിച്ചു ‘കഷ്ടം! നമ്മുടെ കയ്യിലും ഇതേ മാതിരി ഒരു ലിംഗമുണ്ടെങ്കിൽ നമുക്കും നിത്യം പൂജിച്ചുകൂടെ?” അപ്പോഴെക്കും ബാലിയുടെ പൂജ കഴിഞ്ഞു. ബാലി ശിവലിംഗവും പൂജാസാമഗ്രികളും എടുത്തു പെട്ടിയിൽ വെക്കാനുള്ള പരിശ്രമമായി.

വേടന്മാരും പോകാനുള്ള ശ്രമമായി. ഇതിനിടെ ഒരു വിചിത്രസംഭവമുണ്ടായി. വേടന്മാർ കൊന്നിട്ടിരുന്ന മാനുകൾ എഴുനേറ്റു ഓടാൻ തുടങ്ങി. വേടന്മാരിതു കണ്ടു അത്ഭുതപ്പെട്ടു. വീണ്ടും അവർ അമ്പും വില്ലുമെടുത്തു മാനുകളെ എയ്യാനൊരുങ്ങി. അപ്പോഴാണു അവക്കു കൂടുതൽ അതിശയമായതു്. അമ്പെടുത്തു നോക്കുമ്പോൾ അതെല്ലാം സ്വർണ്ണമയം! ഈ അത്ഭുതസംഭവത്തിൽ അവർ എല്ലാം മറന്നു. അവരുടെ കണ്ണിൽ എന്തോ പ്രകാശം വന്നതുപോലെ തോന്നി. അവർ അമ്പുകളെ തന്നെ നോക്കിനിന്നു.

ജി. മംഗളാംബിക



ഇതെല്ലാം കണ്ട ബാലി അവരോടു പറഞ്ഞു. "കൂട്ടരെ, അതെല്ലാം ലോകൈകനാഥനായ ഈശ്വരന്റെ വിലാസമാണ്' എന്ന്. ഇതു കേട്ട വേടന്മാർ ബാലിയുടെ കാല്ക്കൽ വീണു പറഞ്ഞു "അങ്ങ ദയവുചെയ്തു ഈ ശിവലിംഗം ഞങ്ങൾക്കു തരണം. എന്നാൽ ഞങ്ങൾക്കും നിത്യം ശിവപൂജ നടത്താമല്ലൊ". ബാലി പുച്ഛിച്ചു പറഞ്ഞു: "നിങ്ങൾ കാടന്മാരാണ്. നിങ്ങൾക്കു പൂജാവിധികളെന്തറിയും?" വേടന്മാർ പറഞ്ഞു: "അങ്ങ ഈവിധം ഞങ്ങളെ പുച്ഛിക്കരുത്. ഞങ്ങളും ഈശ്വരഭക്തിയുള്ളവരാണ്." ബാലി വീണ്ടും പുച്ഛത്തോടെ പറഞ്ഞു: "എന്തു ഭക്തന്മാരാണെടൊ നിങ്ങൾ? മററുള്ളവർ കാട്ടുന്നതു കാട്ടിയാൽ കഴുവിന്മേൽ കയറും. എന്റെ ശിവലിംഗം തൊടാൻ കൂടി അധികാരമില്ല നിങ്ങൾക്ക്. പോകുവിൻ കടന്ന്!"

മററു വല്ലവരുമായിരുന്നു ഇങ്ങിനെ സംസാരിച്ചിരുന്നതെങ്കിൽ വേടന്മാർ അവന്റെ പണിതീർത്തിരുന്നു. വലിയവരുടെ മുമ്പിൽ താഴാനല്ലെ തരമുള്ളു ചെറിയവന്ന്?

വേടന്മാർ നിരാശരായി പോകുമ്പോഴും എടക്കിടെ ലിംഗത്തെ തിരിഞ്ഞു നോക്കി പോയി. കാരണം അത്രയധികം ആശയുണ്ടായിരുന്നു അവർക്കതിന്മേൽ.

വേടന്മാർ പോയ ശേഷം ബാലി ശിവലിംഗമെടുത്തു പെട്ടിയിൽ വെക്കാൻ നിശ്ചയിച്ചു ലിംഗമെടുത്തു. അപ്പോഴാണ് അതു മണലിൽ തറച്ചിരിക്കുന്നതായി കണ്ടത്. ബാലിക്കത്ഭുതമായി. 'ഇപ്പോഴല്ലെ ഞാനിതു ഇവിടെ വെച്ചത്? അതിനകത്തു ഇതെങ്ങിനെ ഉറച്ചുപോയി!' എന്നാലോചിച്ചു ബാലി. വീണ്ടും ശക്തിയോടുകൂടി ലിംഗം പിടിച്ചു പുഴക്കിനോക്കി. അതൊന്നിളകിയതുപോലുമില്ല. ബാലി എഴുനേററു. ലിംഗത്തെ തന്റെ വാല



കൊണ്ടു ചുററി സർവ്വ ശക്തിയുമുപയോഗിച്ചു വലിച്ചുനോക്കി. യാതൊരു ഫലവുമുണ്ടായില്ല. ബാലിയുടെ ആശ്ചര്യം അതിരു കവിഞ്ഞു. 'വലിയ വലിയ പർവ്വതങ്ങൾപോലും നിഷ്പ്രയാസമെടുത്തു അമ്മാനമാടാൻ കരുത്തുള്ള തനിക്കു ആ ചെറിയ ശിവലിംഗം പുഴക്കാൻ സാധിച്ചില്ലല്ലോ' എന്നോർത്തപ്പോൾ ബാലിക്കു അത്ഭുതവും, വ്യസനവും, ലജ്ജയുമൊക്കെ തോന്നി. "മഹേശ്വരൻ ഏതോ കാരണത്താൽ തന്നോടു അലോക്യപ്പെട്ടിട്ടുണ്ടെന്നും, ദേവന്റെ പ്രഭാവംകൊണ്ടാണു തനിക്കതു പൊക്കാൻ സാധിക്കാതെ വന്നതു എന്നും' ബാലി മനസ്സിലാക്കി..

* * *

വ്യഥിതഹൃദയനായ ബാലി കണ്ണീരൊഴുക്കി ലിംഗത്തെ കൈകൂപ്പി പറഞ്ഞു "പ്രഭോ, അടിയനിലെന്താണു തിരുവുള്ളക്കേടു്? അറിയാതെ എന്തെങ്കിലുമപരാധം അടിയൻ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്നു മാപ്പരുളണേ. ഇവിടെ ഇരുന്നാൽ അതടിയനു സഹിക്കാൻ നിവൃത്തിയില്ല. പുറപ്പെട്ടാലും! അവിടെ വാനരൌഘങ്ങൾ അടിയനെയും കാത്തിരിക്കുന്നുണ്ടാവും. അവിടുന്നു പുറപ്പെട്ടാലും!" എന്നും മററും.

ഭക്തവത്സലനായ മഹേശൻ പ്രത്യക്ഷനായി പറഞ്ഞു "ബാലി, ഞാൻ ഇവിടെതന്നെ കൂടുവാനാണു നിശ്ചയിച്ചതു്. അടുത്തു നല്ലൊരു തടാകവുമുണ്ടു്, എന്റെ ഭക്തന്മാർക്കു എന്നെ ദർശിക്കാൻ ഇതു നല്ലൊരു സ്ഥലമാണു്. അതിനാൽ ഞാനിവിടെതന്നെ ഇരിക്കുന്നു."

ബാലിക്കു തന്റെ അപരാധം മനസ്സിലായി. "ഞാൻ തന്നത്താൻ വേടന്മാരേക്കാൾ കവിഞ്ഞ ഭക്തനാണെന്നു അഭിമാനിച്ചു. സഗർവ്വം ഈ ലിംഗം അവർക്കു കൊടുക്കില്ലെന്നും പറഞ്ഞു. അതിനാൽ ഈശ്വരന്റെ ദൃഷ്ടിയിൽ എല്ലാവരും ഒരുപോലെയാണെന്ന പാഠം എന്നെ പഠിപ്പിക്കുവാനാണു ഭഗ



വാൻ ഈ പ്രഭാവം കാണിച്ചതു്. ഈശ്വരൻ എൻെറ മാത്രമല്ല ; എല്ലാവരുടേയുമാണു" എന്നിതെല്ലാം ബാലി നിരൂപിച്ചു.

വീണ്ടും ഗൽഗദത്തോടെ ബാലി ഭഗവാനോടു പറഞ്ഞു "സ്വാമി, അവിടുത്തെ ഭക്തന്മാരെ അവഹേളിച്ചതിന്നു അടിയന്നു മാപ്പരുളുക. അവിടുത്തെ വിട്ടുപിരിഞ്ഞു അര നിമിഷമിരിക്കാൻ അടിയൻ അശക്തനാണു്. അതിനാൽ അവിടുന്നു സദയം അടിയൻെറ കൂടെ പുറപ്പെട്ടാലും" എന്നും പറഞ്ഞുകഴിയുന്നതിന്നു മുമ്പു ഭഗവാൻ മറഞ്ഞു കഴിഞ്ഞു.

ബാലി തരളിതഹൃദയനായി അവിടെ തന്നെ നിന്നു. ശിവലിംഗത്തെ വിട്ടു പോകാൻ ആയാൾക്കു മനസ്സു വന്നില്ല. അതിനെ വീണ്ടുമെടുക്കാൻ നോക്കി; പ്രയോജനമൊന്നുമുണ്ടായില്ല. ബാലിക്കൊരു ഉപായം തോന്നി. "ഈ തടാകമുള്ളതുകൊണ്ടല്ലെ ഈശ്വരന്നു ഇവിടെ ഇരിക്കാൻ ആഗ്രഹം വന്നതു്? അതിനാൽ ഈ തടാകത്തെ തൂർത്താൽ ഈശ്വരൻ ഇച്ഛ വെടിഞ്ഞു എൻെറ കൂടെ വന്നുകൊള്ളും" എന്നു കരുതി ബാലി ചുററുപാടുമൊന്നു നോക്കി. കണ്ണെത്തുന്ന ദൂരത്തൊന്നും യാതൊരു പർവ്വതവുമില്ല. ഉടനെ ബാലി ആകാശമാർഗ്ഗം ഹിമവൽപർവ്വതത്തിൽ ചെന്നു ഒരു വലിയ കൊടുമുടി പുഴക്കിയെടുത്തു കൊണ്ടുവന്നു ഈ തടാകത്തിലിട്ടു.

എന്നാൽ ബാലിയുടെ ഇച്ഛക്കൊത്ത വിധമല്ല ഫലമുണ്ടായതു്. അതു നേരെ മറിച്ചായി. പർവ്വതം ഇട്ടതുകൊണ്ടു തടാകം തൂർക്കപ്പെട്ടില്ല ; പ്രത്യുത അതിൽ നിന്നു വെള്ളം ബഹിർഗ്ഗമിച്ചു ഒരു നദിയായി ഒഴുകാൻ തുടങ്ങി

ഈ നദി കണ്ടു ബാലിക്കു കോപവും വ്യസനവും ഒരുപോലെയുണ്ടായി. ആ കോപശോകാവേശത്തോടെ ബാലി പറഞ്ഞു "ഈശ്വര, അവിടുന്നു അടിയൻെറ കൂടെ വരുന്നില്ലെങ്കിൽ അടിയൻ

ഇവിടെതന്നെ തലയടിച്ചു ചാവുന്നതാണ്." മഹേശ്വരന്നു ആ ഭക്തനിൽ കരുണയുളവായി, പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ഭ്രാന്താ, നീ തടാകം തൂർത്താൽ ഞാൻ വരുമെന്നു വിചാരിച്ചു അല്ലെ? നീ വിചാരിച്ചതെന്തു്? ഫലിച്ചതെന്തു്? തടാകം തൂർക്കുന്നതിന്നു പകരം നീ ഭക്തന്മാർക്കു വേണ്ടി ഒരു പരിപാവന നദിതന്നെയുണ്ടാക്കി! ആ നിലക്കു നീ എനിക്കും ആനന്ദമുളവാക്കി. പുറമെ നിന്റെ പ്രവൃത്തികൊണ്ടു എനിക്കു മറ്റൊരു തൃപ്തികൂടിയുണ്ടായി. നിനക്കറിയുമോ എനിക്കു മലയോടെത്ര അടുപ്പമുണ്ടെന്നു്? ആ പർവ്വതപ്രീതികൊണ്ടാണു ഞാൻ കൈലാസത്തിലിരിക്കുന്നതു്. ഒരു പർവ്വതംകൂടി നീ ഇവിടെയുണ്ടാക്കി തന്നതിൽ ഞാൻ കൂടുതൽ സന്തുഷ്ടനായിരിക്കുന്നു. നിനക്കെന്താണു വേണ്ടതു്? ഞാൻ നിന്റെ കൂടെ വരണം അല്ലെ? ശരി, ഇനിമേൽ ലിംഗരൂപത്തിൽ നിന്റെ പെട്ടിക്കകത്തിരിക്കുന്നതിന്നു പകരം സ്വന്തരൂപത്തിൽ നിന്റെ ഹൃദയത്തിൽതന്നെ ഇരുന്നേക്കാം. മറ്റു ഭക്തന്മാർക്കു വേണ്ടി ഈ ലിംഗത്തെ ഇവിടെതന്നെ വിട്ടേയ്ക്കു്" എന്നും പറഞ്ഞു മഹേശ്വരൻ ബാലിയുടെ ഹൃദയത്തിൽ ഒരു ദിവ്യതേജസ്സായി പ്രവേശിച്ചിരുന്നു.

ബാലി കണ്ണടച്ചു ധ്യാനിച്ചപ്പോൾ തന്റെ ആരാധനാമൂർത്തിയായ മഹേശ്വരൻ തേജഃപുഞ്ജമായി തന്റെ ഹൃദയത്തിൽ കുടികൊള്ളുന്നതായി കണ്ടു ആനന്ദാനുഭൂതിയോടെ ആ ഭക്താഗ്രേസരൻ ശിവനാമമുരിയാടി സ്വഗൃഹത്തിലെത്തി.

അടുത്ത നാൾ വേടന്മാർ അവിടെ വന്നപ്പോൾ ശിവലിംഗമിരിക്കുന്ന കണ്ടു. തടാകത്തിന്നു പകരം ഒരു മലയും നദിയും കാണപ്പെട്ടു. അവരുടെ അത്ഭുതം പറയാവതല്ല. അവർ ഈശ്വരാർച്ചനയാരംഭിച്ചു പാപപങ്കിലമായ ജന്മത്തിന്നു പവിത്രത സമ്പാദിച്ചു.

അങ്ങിനെ ഗിരീശൻ ബാലിയേയും വേടന്മാരേയും തൃപ്തരാക്കിയനുഗ്രഹിച്ചു.





സത്യസന്ധത

മനുഷ്യനു ഇന്നും സത്യത്തിന്മേൽ വിശ്വാസമില്ല. ഒരാവശ്യമില്ലെങ്കിലും എന്തെങ്കിലും ചില നുണ പറയുന്നതു ചിലൎക്കു ഇഷ്ടമാണു്. അസത്യംകൊണ്ടോ, കാപട്യംകൊണ്ടോ താല്ക്കാലികമായ ചില ഗുണങ്ങളുണ്ടായിക്കൂടെന്നില്ല. എന്നാൽ സത്യസന്ധതയാണു എന്നും വിജയപ്രദമായിട്ടുള്ളതു്. വിഡ്ഢികളായ മനുഷ്യർ ഇതു മനസ്സിലാക്കാതെ മററുള്ളവരെ പററിക്കാൻ നുണ പറയും, കളവു കാണിക്കും, ആവക രഹസ്യങ്ങൾ പുറത്താവുമ്പോൾ വിഡ്ഢികളായി പച്ചച്ചിരി കാണിക്കയും ചെയ്യും.

മനുഷ്യൻ നുണ പറയുമ്പോൾ— കാപട്യം കാണിക്കുമ്പോൾ — അവന്റെ ആത്മസാക്ഷിക്കു ഒരു സങ്കോചമുണ്ടാകും. കേൾക്കുന്നവന്റെ അന്തരാത്മാവും അതു മനസ്സിലാക്കുന്നുണ്ടു്. പക്ഷെ പരിതഃസ്ഥിതികളുടെ മറവിൽ ഈ മനസ്സിലാക്കിയവൻ യാഥാൎത്ഥ്യം മനസ്സിലായതായി നടിക്കുന്നില്ല. അതു അവന്റെ സന്മനസ്സുകൊണ്ടും മൎയ്യാദകൊണ്ടും മാത്രമാണു്. പക്ഷെ മറെറ വിഡ്ഢി അങ്ങിനെയല്ല അതിനെ മനസ്സിലാക്കുന്നതു്. "മറേറാൻ തന്റെ കളവിനെ—സാമൎത്ഥ്യം എന്നാണു അവന്റെ ആത്മബോധം—മനസ്സിലാക്കിയില്ല. കൊള്ളരുതാത്തവൻ" എന്നാണു ആ വിഡ്ഢി വിചാരിക്കുന്നതു്. സംസ്കാരശൂന്യത എന്നല്ലാതെ എന്തു പറയട്ടെ! മറെറാരുത്തന്റെ സന്മനസ്സിനെ ധ്വംസന ചെയ്യാതിരിക്കാൻ ബുദ്ധിയുള്ളവരെങ്കിലും പരിശ്രമിക്കേണ്ടതാണു്. സാമൎത്ഥ്യം നന്നു്; ദുസ്സാമൎത്ഥ്യം തന്നെത്താൻ നശിപ്പിക്കും!

രാജൻ ഒരു സാധുക്കുട്ടിയായിരുന്നു. അവനു യാതൊരു രക്ഷിതാവുമില്ല. അടുത്തുള്ളൊരു ജന്മിയുടെ വീട്ടിൽ ആട്ടുമാടുകളെ മേയ്ക്കലായിരുന്നു അവന്റെ ജോലി. രാവിലെ അവയെ മേയ്ക്കാൻ

പി. രമദാസ്



കൊണ്ടുപോയാൽ സന്ധ്യയായെ മടങ്ങിവരുള്ളു. വല്ല പഴങ്കഞ്ഞിയോ വെള്ളച്ചോറോ ജന്മിയുടെ ഗൃഹമന്ത്രി (ഭാൎയ്യ) കൊടുത്താൽ അതും കഴിച്ചാണു അവൻ പോവുക. പിന്നെ വൈകുന്നേരം വരെ തോട്ടിലോ പുഴയിലോ ഒഴുകുന്ന ജലമാണു അവന്റെ ഭക്ഷണം. ആടുമാടുകൾ ചെയ്ത സുകൃതം പോലും ചെയ്യാത്തൊരു ബാലൻ!

ജന്മി ഭൂതദയയും മൎയ്യാദയുമുള്ളൊരു മനുഷ്യനായിരുന്നു. എന്നാൽ ഭാൎയ്യ അങ്ങിനെയൊന്നുമല്ല. ദുസ്സാമൎത്ഥ്യക്കുട്ടിയാണ്. വായ പൊളിച്ചാൽ നുണയെ പറയൂ. ഭൎത്താവറിയാതെ ഇവൾക്കു പല കൊള്ളക്കൊടുക്കയുമുണ്ട്. വീട്ടിൽ ഉണ്ടാക്കുന്ന സകല ഭക്ഷണസാധനങ്ങളും തനിക്കും മക്കൾക്കും കഴിക്കാൻ തന്നെ തികയില്ല. പിന്നെ എങ്ങിനെയാ പാൎക്കുന്നവനു കൊടുക്കുക? ജന്മിക്കു ഇവളുടെ ധൂൎത്തിനെ സംബന്ധിച്ചു ഒരക്ഷരം പറവാൻ ധൈൎയ്യവുമില്ല. എല്ലാം സഹിച്ചു മിണ്ടാതിരിക്കും. അങ്ങിനത്തെ ഭയങ്കരിയുടെ കീഴിൽ പണിയെടുക്കുന്ന ഒരു പാവത്തിന്റെ ഗതി ആലോചിച്ചാലിൻ! രാജൻ പട്ടിണിയിട്ടു മടുത്തു. രാത്രി വീട്ടിൽ വന്നാൽ വീട്ടുപണി മുഴുവൻ നോക്കണം; കുട്ടികളെ നോക്കണം. കഴിക്കാൻ കിട്ടുന്നതു അൎദ്ധരാത്രി, അരവയറുംകൂടി നിറയാത്ത വല്ലതും!

ഉഷ്ണകാലമാണ്! എരിപൊരികൊള്ളുന്ന വെയിൽ. രാജൻ പശുക്കളെ ഒരിടത്താക്കി വിശന്നു തളൎന്നു ഒരു മരച്ചുവട്ടിലിരിക്കയായിരുന്നു. അവനു തല ചുറ്റുന്നുണ്ടായിരുന്നു. അടിയും മുടിയും പൊള്ളുന്ന വെയിലും. അങ്ങിനെയിരിക്കുമ്പോൾ അവൻ മരച്ചുവട്ടിൽ ഒരു പുതിയ ചെരുപ്പിരിക്കുന്ന കണ്ടു. 'ആവൂ! ഈ വെയിലത്തു നടക്കാനൊരു ചെരുപ്പായല്ലൊ' എന്നും വിചാരിച്ചു അവൻ അതെടുത്തിട്ടു. കാലിനു ബഹു സുഖം! അവൻ വളരെ സന്തോഷിച്ചു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ആറേഴ വയസ്സ പ്രായമുള്ളൊരു കുട്ടി കരഞ്ഞു കൊണ്ടു വരുന്ന കണ്ടു. രാജൻ കാരണം ചോദിച്ചു. ആ ചെരുപ്പ് ആ കുട്ടിയുടേതാണെന്നു പറഞ്ഞു കുട്ടി. രാജൻ ആലോചിച്ചു ‘മററുള്ളവരുടെ മുതലിന്നു എന്തിനാണ് ഞാൻ ആഗ്രഹിക്കുന്നത്? ഒരുപക്ഷെ ഞാൻ ഇതു കൊടുത്തില്ലെങ്കിലും ഇവനു വാങ്ങാൻ കഴിയില്ല. പക്ഷെ ഞാൻ നാണമില്ലാത്തൊരു പണിയല്ലെ ചെയ്യുന്നത്? മറെറാരുത്തന്റെ മുതൽ കൊടുക്കില്ലെന്നു പറയുന്നത് എന്തു വഷളത്തമാണ്?’ എന്നും ചിന്തിച്ചു ആ ചെരുപ്പു മടക്കി കൊടുത്തു.

അടുത്ത ദിവസവും രാജൻ അതെ സ്ഥലത്തു വന്നിരുന്നു. ഉച്ചനേരം. അതിഭയങ്കരമായൊരു ചുഴലിക്കാററുണ്ടായി. ആ കാററിൽ ഒരു തൊപ്പി പറന്നു വന്നു. രാജൻ അതെടുത്തു തന്റെ തലയിൽ വെച്ചു “ആവൂ! ചെരുപ്പു പോയാലും തൊപ്പിയെങ്കിലുമായല്ലൊ’ എന്നുമോർത്തു.

കാറെറാതുങ്ങി. ഒരു കിഴവൻ വന്നു രാജനോടു പറഞ്ഞു “കുട്ടി, ആ തൊപ്പി എന്റേതാണ്. കാററത്തു പറന്നതാണ്. അതെനിക്കു തരു.” തലേദിവസത്തെ ചിന്തകൾ ഒരിക്കൽക്കൂടി രാജന്റെ തലയിലോടി. നിസ്സംശയം ആ തൊപ്പി കിഴവനു കൊടുത്തു.



രാജന്റെ സത്യസന്ധതയും ഔദാര്യവും കണ്ടു കിഴവൻ അതിവ സന്തുഷ്ടനായി. ആയാൾ പറഞ്ഞു “നീ സത്യവാനാണ്. നിനക്കെന്താണു ആവശ്യം? ഞാൻ തരാം” എന്ന്.

രാജൻ ഇതു കേട്ടു സന്തോഷിച്ചു പറഞ്ഞു “ഞാൻ എന്താവശ്യപ്പെടാനാണ്? ലോകത്തിനോടു എനിക്കും എന്നോടു ലോകത്തിനും യാതൊരു ബന്ധവുമില്ലാത്ത നിലക്കാണു എന്റെ അനുഭവം. അങ്ങിനത്തെ എനിക്കു എന്താണു ആവശ്യം? മന്നുമില്ല. അ

ങ്ങൾക്കു നന്ദി." അവൻ മറെറാന്നും പറഞ്ഞില്ല. രാജന്റെ ഭാഷണം കേട്ടു കൂടുതൽ സന്തുഷ്ടനായ കിഴവൻ പറഞ്ഞു "ഇത്രയധികം മികച്ച മനോഭാവത്തോടു കൂടിയവനാണു നീയെന്നതു എന്നെ കൂടുതൽ സന്തുഷ്ടനാക്കുന്നു. നിനക്കു വേണ്ടെങ്കിലും ഞാൻ നിനക്കു ചിലതു തരാനുദ്ദേശിക്കുന്നു. നീ ഇവിടുത്തെ രാജാവായി തീരട്ടെ!" എന്നും പറഞ്ഞു കയ്യുയർത്തി അനുഗ്രഹിച്ചു കിഴവൻ മറഞ്ഞു. ആ വൃദ്ധൻ ഏതോ ഒരു മഹാപുരുഷനായിരുന്നു ആരറിഞ്ഞു അതു്?

രാജൻ തന്നത്താൻ ആൾ മാറി. രാജകീയവേഷം! എല്ലാം ഒരു രാജാവിനൊത്തപടി. മാത്രമല്ല മുമ്പിൽ ഒരു കുതിരയും വന്നുനിന്നു. രാജൻ അതിന്റെ പുറത്തു കയറി. കുതിര രാജനെ രാജധാനിയിലേക്കു കൊണ്ടുപോയി. ജനങ്ങൾ ജയഘോഷത്തോടെ രാജനെ സ്വീകരിച്ചു.

ഇതെല്ലാം ജന്മിയും ഭാര്യയും കേട്ടു. ജന്മി സന്തോഷിച്ചു രാജാവിനെ കാണാൻ ചെന്നു. രാജൻ ആദരവോടെ ജന്മിയെ സ്വീകരിച്ചുപചരിച്ചു.

ആ മൂധേവി—ജന്മിയുടെ ഭാര്യ—അസൂയകൊണ്ടു ശ്വാസം മുട്ടി. അവൾ പറയുകയാണു് "ഹും! ഓ: അവൻ ഞങ്ങളുടെ മാടു മേക്കുന്ന ചെക്കൻ തന്നെയല്ലെ?" ദൈവാധീനം! ഇതൊന്നും ആരും പുറമെ കേട്ടില്ല. അടുത്ത വീട്ടിലെ ലക്ഷ്മിക്കുട്ടിയമ്മയും ശങ്കരൻ നായരും മാത്രമേ കേട്ടുള്ളു. അവർ ഒന്നു ചിരിച്ചു മിണ്ടാതിരുന്നു. അല്ലാതെ വിഡ്ഢികളോടു എന്തു പറയാനാ?

എന്തിനു പറയുന്നു? സ്ത്രീകളുടെ സഹജമായ അസൂയയും, പുച്ഛവും എന്നും എവിടെയും കാണും. മററുള്ളവർ നന്നായാലും ചീത്തയായാലും അവർക്കു പിടിക്കില്ല. ഇതെല്ലാം എന്നും കണ്ടിട്ടുള്ളതാണു്; എന്നും കാണാവുന്നതുമാണു്. ആധുനികവനിതകൾ സംസ്കാരചിത്തരാവട്ടെ!! പക്ഷെ രാജന്റെ സത്യസന്ധത ഒന്നുമാത്രമാണു് അവനെ രാജാവാക്കിയതു്.



ഒരു പരിഷ്കരിച്ച യുവതി താഴെ പറയുംപ്രകാരമുള്ളൊരു സംസാരം, ഇംഗ്ലീഷുവാക്കുകളും കൂട്ടിച്ചേർത്തു പറവാൻ നിശ്ചയിച്ചു. സംസാരത്തിന്റെ സാരം ഇങ്ങിനെയാണു്. "ഒരുദിവസം ഞാൻ സിഗരട്ടും വലിച്ചു്, കുളിർകാററും കൊണ്ടു്, തീരത്തിലുലാത്തിക്കൊണ്ടിരിക്കെ, വളരെ ദൂരത്തുനിന്നു ഒരു സാമാനക്കപ്പൽ വരുന്നതു കാണാൻ വളരെ കൌതുകമുണ്ടായിരുന്നു. അതു കുറേക്കൂടി അടുത്തെത്തിയപ്പോൾ വളരെ വിസ്താരത്തിൽ കാണ്മാൻ സാധിച്ചു. വാസ്തവത്തിൽ അതു നമ്മുടെ നാട്ടിലെ ഒരു വലിയ നാലുകെട്ടു പുരയേക്കാൾ വലുപ്പമുണ്ടു്. അതു വെള്ളത്തിൽക്കൂടെ നീങ്ങിനീങ്ങി വരുന്നതു കണ്ടാൽ നെഞ്ഞൂക്കില്ലാത്തവർക്കു പേടികൂടി തോന്നാം. പക്ഷെ എനിക്കു വളരെ രസം തോന്നി ഞാൻ സന്ധ്യ മയങ്ങുന്നതുവരെ അതിനെയും നോക്കിക്കൊണ്ടുതന്നെ നിന്നു. അമ്പോ! ശാസ്ത്രത്തിന്റെ പുരോഗമനം!

? ? ? ?

അവൾ പറഞ്ഞതു്:

ഒരു 'ഡേ' ഞാൻ സിഗരട്ടും 'പുൾ' ചെയ്തു, 'കോൾഡ് വിൻട്ടും' കൊണ്ടു, 'സി'യിന്റെ 'എഡ്ജിൽ' 'വാക്കിംഗ്' ചെയ്യായിരുന്നു. അപ്പോൾ 'വെരി വെരി' 'ഡിസ്റ്റൻസിൽ' നിന്നു ഒരു 'ഗുഡ്സ് ഷിപ്പ്' വരുന്നതു കാണ്മാൻ വളരെ 'ഹാൻഡ്സം' ആയിരുന്നു അതു കുറെക്കൂടി 'നിയറിൽ' ആയപ്പോൾ നല്ല 'ഏരിയ'യിൽ കാണ്മാൻ സാധിച്ചു. ശരിക്കു പറഞ്ഞാൽ അതു നമ്മുടെ 'കൺട്രി'യിലെ ഒരു 'ഫോർബൺഡൽ' വീടിനോളം 'ഗ്രെയ്ററ്' ആണു്. അതു 'വാട്ടറി'ന്റെ 'മിഡിലിൽ' അങ്ങിനെ 'മൂ' ചെയ്യുന്നതു കണ്ടാൽ 'ഹാർട്ട് സ്ട്രെങ്ങ്ത്' ഇല്ലാ ഇല്ലാത്തവർക്കു 'ഫിയർ' കൂടി 'ഫീൽ' ചെയ്യാം. പക്ഷെ എനിക്കു വളരെ 'മർകുറി' തോന്നി. ഞാൻ സന്ധ്യ 'ഫേയിൻട്' ചെയ്യുന്നതുവരെ അതിനെ നോക്കി നിന്നു. 'അലാസ്!' 'സയിൻസിന്റെ' വല്ലാത്തൊരു 'മാച്ച് ഫോർവേഡിംഗ്!'

ഇന്ദ്രജാലം

കാലിഡപ്പയിൽ മിഠായി

ജാലവിദ്യക്കാരൻ ഒരു തുത്തനാകടിൻ എടുത്തു മൂടി തുറന്നു കാണികൾക്കു കാണിക്കുന്നു. കാണികൾ അതിനെ നോക്കുമ്പോൾ അതിൽ യാതൊന്നും കാണുകയില്ല. പിന്നീട് ആയാൾ ആ ഡപ്പ മേശപ്പുറത്തു വെക്കുന്നു. ആരുടെയെങ്കിലും ഒരു റൂമാലെടുത്തു ആയാൾ ഡപ്പയെ മൂടുന്നു. മൂടിയശേഷം ആയാളുടെ മാന്ത്രികദണ്ഡെടുത്തു ആ ഡപ്പയെ രണ്ടുമൂന്നു പ്രാവശ്യം ചുററുന്നു. എന്നിട്ടു റൂമാലെടുത്തു മൂടി തുറന്നു നോക്കിയാൽ അതിൽ മിഠായിയും ചാക്‌ലെററും മററും കാണാം. അതെടുത്തു കാണികൾക്കു തിന്നാൻ കൊടുക്കാം. നല്ല മിഠായിതന്നെയായിരിക്കും. കുട്ടികൾ മിഠായി കണ്ടാൽ വിടുമോ? അവർ അതു തിന്നു എല്ലാവരോടും ഈ ജാലവിദ്യക്കാരന്റെ മഹിമയെപററി പുകഴ്ത്തും. അവന്നു പ്രചുരപ്രചാരവുമുണ്ടാവും. ചില ജാലക്കാർ അരി നിറച്ചു മിഠായിയാക്കും; ഉമിക്കരിയിട്ടു നാരങ്ങാസത്താക്കും; അങ്ങിനെതന്നെ പൂക്കളിട്ടു പൂമാലയാക്കും. അങ്ങിനെ പല വിദ്യകളും ഈ ഡപ്പപണികൊണ്ടു കാണിക്കാം എങ്ങിനെയാണിതു്? പറയാം. നമുക്കു കാണിക്കേണ്ട സാധനം മിഠായിയോ, മാലയോ, എന്തോ—അതു ആ ഡപ്പയിൽ നിറച്ചിട്ടുണ്ടായിരിക്കണം. ഒന്നാം ചിത്രം നോക്കുക. അതുപോലെ രണ്ടു പുറവും തുറന്നൊരു ഡപ്പയുണ്ടാക്കുക. 2-ാം ചിത്രം നോക്കുക. അതുപോലെ രണ്ടു പുറവും മൂടിയുള്ള മറെറാരു ഡപ്പയുണ്ടാക്കുക. ഈ രണ്ടാമത്തെ ഡപ്പ ആദ്യത്തേതിൽ കൃത്യമായി പോകുന്ന

വിധം വലുപ്പമുള്ളതുമായിരിക്കണം. അധികം 'വലുതാവരുത്. അല്ലെങ്കിൽ വല്ലാതെ ചെറുതുമാവരുത്. എങ്കിൽ 'കടപട' എന്ന ശബ്ദമുണ്ടായേക്കാം. രണ്ടാമത്തെ ഡപ്പയിലെ ഒരു ഭാഗം കുറച്ചും മറ്റെ ഭാഗം അധികവുമായവിധം നടുവെ ഭാഗിച്ചിരിക്കയും വേണം. ചെറിയ ഭാഗത്തിൽ കാണിക്കേണ്ട സാധനം നിറച്ചുവെക്കുക. അതെല്ലാം നിറച്ചു വെച്ചിരിക്കണം. അല്ലെങ്കിൽ ഡപ്പ ഇളകുമ്പോൾ ശബ്ദം കേൾക്കും അങ്ങിനെ തയ്യാറാക്കിയിട്ടു വേണം തമാശ തുടങ്ങാൻ. 3-ാം ചിത്രം നോക്കുക. ഡപ്പയെടുത്തു കാണികൾക്കു കാണിക്കുമ്പോൾ കാലിയായ ഭാഗമെ കാണിക്കാവൂ. അവർ അതു കാലിയാണെന്നു നിശ്ചയിച്ചുകൊള്ളും. പിന്നെ ഡപ്പ മേശപ്പുറത്തു വെക്കുക. ഈ വെക്കുന്ന സമയത്താണു വിദ്യ. നാലാംചിത്രപ്രകാരം കാലിഭാഗം ചുവട്ടിലും മിഠായി നിറച്ച ഭാഗം മുകളിലുമായിട്ടു വേണം ഡപ്പ മേശപ്പുറത്തു വെക്കാൻ. പിന്നെ റുമാലിട്ടു മൂടുക. എന്നിട്ടു വിദ്യ കാണിക്കുന്നപോലെ വടികൊണ്ടു ചിറ്റലും തലയോടു കുലുക്കയും ഒക്കെ ചെയ്തു റുമാലെടുത്താൽ മിഠായി കിട്ടുകയുമായി!

രണ്ടാംഡപ്പ ശബ്ദമില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങാവുന്ന വിധത്തിൽ വെച്ചിരിക്കണം കെട്ടൊ.





കൂടുതലറിവാൻ ഇംഗ്ലീഷിലെഴുതി ചോദിക്കുക:—
പ്രൊഫസർ പി. സി. സർക്കാർ
12/3 എ. ജമീർലേൻ
ബാലിഗഞ്ച്
കൽക്കത്ത – 19

മാതൃസ്നേഹം

വലിയവരെപോലെ തന്നെ കുട്ടികൾക്കും ചില കർത്തവ്യങ്ങളുണ്ട്. അതിൽ പ്രാധാന്യം വഹിക്കുന്ന ഒന്നാണു മാതൃസ്നേഹം. ഒരു വ്യക്തിക്കുവേണ്ടി അമ്മ കഷ്ടപ്പെടുന്നതുപോലെ മററൊരാളും ചെയ്യുകയില്ല. ഒരു മാതാവിൻെറ സ്നേഹം എത്രയാണെന്നു കണക്കാക്കാൻ കഴിവുള്ളതല്ല. 'അമ്മ' ആ വാക്കുതന്നെ ഏതൊരു വ്യക്തിയേയും പുളകം കൊള്ളിക്കുന്നതാണ്. മക്കൾക്കു വേണ്ടി തൻെറ സകലതും കൂസലില്ലാതെ ബലി കഴിക്കാൻ ഒരുങ്ങുന്നതു അമ്മ മാത്രമേയുള്ളു. മക്കളുടെ മേന്മയല്ലാതെ മററൊന്നും ഒരമ്മ കാംക്ഷിക്കുന്നതല്ല. മക്കളുടെ സുഖമാണു അമ്മയുടെ സുഖം. അവരുടെ ദുഃഖം അമ്മയുടെ ദുഃഖവും. അവ്വിധം അഹോരാത്രം മക്കൾക്കു വേണ്ടി മാത്രം ജീവിക്കുന്ന വ്യക്തിയാണു മാതാവ്. ആ മാതൃസ്നേഹം മഹനീയമാണ്. അതു പരിപാവനമാണ്. അമ്മയോടുള്ള കടം എന്നും നമുക്കു വീട്ടാൻ സാധിക്കുന്നതുമല്ല. അതിനാൽ ഓരോ വ്യക്തിയും അവനവൻെറ മാതാവിനെ സ്നേഹിക്കാനും സന്തോഷിപ്പിക്കാനും മടിക്കരുത്. മാതാവിനെ സന്തുഷ്ടയാക്കാൻ ആരും സർവ്വശക്തിയുമുപയോഗിക്കേണ്ടതാണ്. അമ്മയുടെ ശാസനകളെ നാം ശിരസാ വഹിക്കണം. കാരണം, മക്കളുടെ നന്മയ്ക്കല്ലാതെ ഒരു മാതാവു ശാസിക്കയുള്ളു. കുട്ടികൾ അമ്മയിൽ അചഞ്ചലവിശ്വാസമുള്ളവരും, അമ്മയുടെ സകല ശാസനകളും സ്വീകരിച്ചു നടക്കാൻ സന്നദ്ധതയുള്ളവരുമാകണം. നിസ്വാർത്ഥമായ സ്നേഹം അമ്മയുടേതു മാത്രമാണ്. അതിനാൽ ഏതൊരു കുട്ടിയും അമ്മയെ പ്രത്യക്ഷദൈവമായി തന്നെ കരുതി സ്നേഹിച്ചും ആരാധിച്ചും പോരേണ്ടതാണ്.

പൊടിക്കാശു്

സോമനാഥയ്യരു് ഒരു റിട്ടയർഡ് ഗൃഹസ്ഥനാണു്. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ—സട്ടിഫിക്കറ്റുപ്രകാരം പതിനാലു വയസ്സു മാത്രം—പത്താംക്ലാസു പാസായി. ഉടനെ ഒരു ഗൃഹസ്ഥന്റെ ജോലിയും കിട്ടി. നിയമപ്രകാരം ഈയാൾ അമ്പത്തഞ്ചാംവയസ്സിലോ മറ്റ റിട്ടയർ ചെയ്യേണ്ടതായിരുന്നു. പക്ഷെ സട്ടിഫിക്കറ്റിലോ, ജാതകത്തിലോ എന്തൊക്കെയോ കൃത്രിമം ചെയ്തും മേലധികാരികളെ കാക്ക പിടിച്ചും സട്ടിഫിക്കറ്റുപ്രകാരം അമ്പത്തഞ്ചും യഥാർത്ഥത്തിൽ എഴുപത്തിമൂന്നും വയസ്സായപ്പോൾ ഒരുവിധം ആപ്പീസിൽനിന്നു സ്ഥലമൊഴിച്ചു. എങ്ങനെയാ ഈവക ജന്തുക്കൾ ഒരുങ്ങിയാൽ ചെറുപ്പക്കാർക്കു ഉദ്യോഗം കിട്ടുക? കുറ്റമാണോ അനൗദ്യോഗികപ്രശ്നം നമ്മെ ഗ്രസിക്കുന്നതു്? പിരടിക്കു പിടിച്ചു തള്ളിയാലും ആപ്പീസിൽനിന്നു പിരിയുവാൻ പ്രാണവേദനയുള്ള അനവധി കൂട്ടരെ ഇന്നും കാണാം. ഇങ്ങിനെ വയസ്സു കടന്നവരും ഉപ്പിടാൻ കെല്പില്ലാത്തവരുമായ കൂട്ടരെ മാത്രം തെരഞ്ഞെടുത്തു പുറത്തുതള്ളിയാൽ മിടുക്കന്മാരായ പല ചെറുപ്പക്കാർക്കും ഉപജീവനമാർഗ്ഗവുമാവും, കാര്യങ്ങൾ കൂടുതൽ ത്രാണിയോടെ നടക്കുകയും ചെയ്യും. പക്ഷെ ആരാണു് ഇതൊക്കെ നോക്കാൻ? നോക്കേണ്ടവരും ഈ വർഗ്ഗത്തിൽ പെട്ടവർ തന്നെയായിരിക്കും! 'കാട്ടിലെ മരം, തേവരുടെ ആന; വലിയെടാ വലി' എന്ന മട്ടല്ലെ എല്ലാവർക്കും?

സോമനാഥയ്യരു് ഉദ്യോഗം കിട്ടി ഒരു കൊല്ലം കഴിയുന്നതിന്നുമുമ്പു യഥാവിധി—സ്ത്രീധനമടക്കം—കല്യാണവും കഴിച്ചു. ശമ്പളം അധികമൊന്നുമില്ലായിരുന്നെങ്കിലും പലപല വഹയായി അയ്യർക്കു വരവുണ്ടായിരുന്നു. എങ്കിലും ആപ്പീസിൽ പോകുമ്പോൾ ഒരു ഊ

കെ. സഹസ്രനാമൻ



ണും, ഉച്ചക്കു കഴിക്കാൻ രണ്ടു വടയും, മൂക്കിൽ പൊടിക്കു അര അണയുമാണു സ്വാമിടെ നിത്യവൃത്തി. അരക്കാശു കൂടുതൽ ഭാര്യ കൊടുക്കില്ല. ചോദിക്കാൻ അയ്യർക്കു ധൈര്യവുമില്ല. തന്റെ വരവിനെ പററി ഭാര്യയോടു അണ—പൈ—കണക്കും പറഞ്ഞുകൊള്ളണം. ഇല്ലേ? ആയമ്മ പലരെയും അറിയും, പലരുമായി പരിചയവുമുണ്ടു്. വല്ലതും അന്വേഷണത്തിൽ ഈയാൾ കൃത്രിമം കാണിച്ചുവെന്നറിഞ്ഞാൽ........ശിവ ശിവ! 'സോമനാഥഭഞ്ജനം' തീർച്ച തന്നെ! അത്രക്കുണ്ടു അമ്മയുടെ പ്രതാപം! ഭർത്താവു് എഴുപത്തിമൂന്നാം വയസ്സിൽ റിട്ടയർ ചെയ്തതിൽ ഈ അറുപതുകാരി ഭാര്യക്കു ഒട്ടും തൃപ്തിയായില്ല എങ്കിലും തനിക്കും വയസ്സായില്ലേ എന്നോർത്തു സമാധാനിച്ചു. അയ്യർക്കു ഇപ്പോഴും മൂക്കുപൊടിക്കു അരയണേ വേണ്ടു. വയസ്സായില്ലേ? എടക്കിടെ എന്തെങ്കിലുമൊക്കെ തിന്നാൻ തോന്നും. അതൊ മററെ പറഞ്ഞാൽ "സമ്പാദിച്ചിട്ടുവേണം തിന്നാൻ" ഭാര്യ 'വിദുര വാക്യം' പറയും. സാമി മിണ്ടാതിരിക്കയും ചെയ്യും.

അടുത്ത അമ്പലത്തിൽ ഭാഗവതം വായനയുണ്ടു്. അറുപതായിട്ടും ഭാര്യ ഉടുത്തൊരുങ്ങി അതിന്നു പുറപ്പെടും. കൂടെ സോമനാഥസ്വാമിയേയും കൂട്ടിക്കൊണ്ടു പോകും. ആ സമയത്തെങ്കിലും വീട്ടിലിരുന്നു അതും ഇതും വേണമെന്നു പറയില്ലല്ലോ എന്നായിരുന്നു ഭാര്യയുടെ വിചാരം.

സ്വാമി ക്ഷേത്രത്തിലെത്തിയാൽ തൂണും ചാരിയിരുന്നു ഉറങ്ങും. ആ പാവത്തിന്നു അത്രകാലമായും ഉറക്കം തരം പോലെയുണ്ടായിട്ടില്ല. ഉദ്യോഗം ഭരിച്ചിരുന്ന കാലത്താണെങ്കിൽ രാവിലെ അഞ്ചുമണി മുതൽ രാത്രി പതിനൊന്നു മണി വരെ പണിയാണു്. എങ്ങിനെ എന്നുവെച്ചാൽ; കാലത്തു ഒരു ശാന്തി. അതു കഴിഞ്ഞാൽ ഭാര്യയുടെ ചീത്ത



കേൾക്കാതെ കഴിയുമല്ലോ എന്നും, മേലധികാരികൾക്കു തൃപ്തി ആയിക്കൊള്ളട്ടെ എന്നും വിചാരിച്ചു ഒമ്പതുമണിക്കു ആപ്പീസിലെത്തും. വൈകുന്നേരം വരെ ഉറക്കം തൂക്കും. മേലധികാരികൾ പോകാൻ പുറപ്പെടുമ്പോൾ സൎവ്വ ഫയലുമെടുത്തു മേശപ്പുറത്തു തുറന്നുവെച്ചു തിരക്കു നടിക്കും. അവർ പോയാൽ എല്ലാം കെട്ടിവെച്ച്, നേരെ അമ്പലത്തിൽ ശാന്തിക്കു പോകും. കോട്ടും, കുപ്പായവും അമ്പലക്കോലായിൽതന്നെ വെച്ചു ശാന്തിയും ഊട്ടും കഴിഞ്ഞു മഠത്തിലെത്തുമ്പോൾ മണി പതിനൊന്ന്. ഒരു ഭാഗത്തു കിടന്നാൽ ഭാൎയ്യയുടെ നിൎദ്ദേശങ്ങളായി. മൂട്ട, കൊതു, അങ്ങിനത്തൊരു ഭാൎയ്യ! ഉറക്കം കേമമാവില്ലെ?

അമ്മ്യാരുടെ നിൎദ്ദേശപ്രകാരം സ്വാമി ഉറങ്ങുമ്പോൾ മകളുടെ മകൻ ഉണൎത്തി. അങ്ങിനെ പതിവായി.

ഒരു ദിവസം ഭാൎയ്യ പ്രാവിപ്പറഞ്ഞു: പൊടിക്കു കൊടുത്ത അരയണ കിഴവൻ ചെലവാക്കിയില്ല. അടുത്ത മഠത്തിലെ സുബ്ബരാമയ്യരുടെ പൊടിമട്ടയിൽനിന്നു രണ്ടു പ്രാവശ്യം ഊന്നിയെടുത്തു തന്റെ ഡപ്പയിൽ നിറച്ചു. അന്നും അമ്മ്യാർ മകനെ ഏല്പിച്ചു. അമ്പലത്തിൽ ചെന്നു. അമ്മ്യാർ സ്ത്രീകളുടെ ഇടയിലും കിഴവൻ പുരുഷന്മാരുടെ ഇടയിലുമിരുന്നു. കിഴവൻ മകനെ വിളിച്ചു പറഞ്ഞു "നീ എന്നെ ഉണൎത്തരുതു കെട്ടൊ. ഇതാ ഈ അരയണ നീ എടുത്തൊ" എന്ന്.

വീട്ടിൽ വന്നപ്പോൾ അമ്മ്യാർ ദേഷ്യപ്പെട്ടു പയ്യനോടു ചോദിച്ചു: "നീ എന്തേ താത്തയെ ഉണൎത്താഞ്ഞതു്?" എന്ന്. അവൻ അരയണ കാണിച്ചു പറഞ്ഞു: "താത്ത ഉണൎത്തരുതെന്നു പറഞ്ഞു ഇതു തന്നു" എന്ന്. സോമനാഥസ്വാമിയുടെ കൎമ്മം! അടുത്ത ദിവസം മുതൽ പൊടിക്കാശും നിന്നു. സ്വാമി മരിക്കുന്നതുവരെ പിന്നെ പൊടി വലിച്ചിട്ടില്ല.

ചിത്രകഥ-1

ചൈനയിലെ ഒരു ഗ്രാമത്തിൽ ഒരു സാധുസ്ത്രീ ഉണ്ടായിരുന്നു. അവൾ ഒരങ്ങാടി വാടകക്കു വാങ്ങി കുടക്കച്ചവടം തുടങ്ങി. ആ പീടികയിൽ പലവിധത്തിലുള്ള കുടകളുണ്ടായിരുന്നു. അവൾക്കു 'ചാങ്ങ്' എന്നു പേരായൊരു മകനുണ്ടായിരുന്നു. അവനു കടയിലിരിക്കുവാൻ ഒട്ടും രസമുണ്ടായിരുന്നില്ല. അവൻ എപ്പോഴും തന്റെ മുറിയിൽ തനിയെ ഇരിക്ക പതിവായിരുന്നു. ആർക്കറിയാം അവൻ എന്താലോചിച്ചിരുന്നുവെന്ന്? എടക്കിടെ അമ്മയെ സഹായിക്കണമെന്നു വിചാരിച്ചു അവൻ. പക്ഷെ എന്തു സഹായം? പീടികയിലിരിക്ക എന്നതു അവനു സാദ്ധ്യമല്ല. 'അമ്മക്കു കുടക്കച്ചവടത്തിൽ അഭിവൃദ്ധിയുണ്ടാക്കാനുള്ള എന്തെങ്കിലും പണിചെയ്യണം'എന്നു നിശ്ചയിച്ചു അവൻ. ചാങ്ങ് കലാവാസനയുള്ളവനായിരുന്നു. അവൻ കടയിലുള്ള കുടകളിൽ ചില തുന്നലും, ചിത്രങ്ങളുമൊക്കെയുണ്ടാക്കി. ആവക കുടകൾ നിഷ്പ്രയാസം വിറ്റും പോയി. ഇടക്കിടെ അവൻ കാട്ടിലേക്കൊക്കെ പോയിരുന്നു. അവിടെ പോയി കുടക്കു വേണ്ട ഓടയും ചൂരലുമൊക്കെ കൊണ്ടുവരും. ഒരുദിവസം അവൻ കാട്ടിൽ തിരിയുമ്പോൾ ഒരത്ഭുതമരം കണ്ടു. 'ഇതു നല്ലൊരു മരം. ഇത്ര ഭംഗിയുള്ള മറ്റൊരു മരം എവിടെയും കണ്ടിട്ടില്ല. മരത്തിന്റെ നിറവും തരവും തന്നെ ഒന്നു വേറെയാണ്. ഞാനിത്ര കാലം ഈ കാട്ടിൽ വന്നിട്ടും ഇതു കണ്ടില്ലല്ലൊ. മരമാകെ ആശാരിപ്പണി കഴിച്ചു വൃത്തിയാക്കിയ മാതിരിയുണ്ട്. എന്തൊരു കൌതുകം? ഈ വിധമൊരു മരം ഞാൻ കുറെ മുമ്പു കണ്ടിരുന്നുവെങ്കിൽ എന്തെല്ലാം പണികൾ നടത്താമായിരുന്നു! ഇതിന്റെ കൊമ്പുകൊണ്ടു ബിംബങ്ങൾ മാതിരിയുണ്ടാക്കാമല്ലൊ' എന്നും വിചാരിച്ചു ചാങ്ങ് ആ മരത്തെ തന്നെ നോക്കി. അവസാനം അവൻ ഒരു കൊമ്പു മുറിക്കുവാൻ കത്തിയെടുത്തു. അതൊരു സാധാരണ മരമല്ലെന്നും ഏതോ മാന്ത്രികശക്തിയാൽ അങ്ങിനെയൊരു മരം കണ്ടതാണെന്നും സാധു ചാങ്ങ് മനസ്സിലാക്കിയില്ല. എന്തു പറ്റി എന്നുള്ളതു അടുത്ത പക്കത്തിൽ ചിത്രസമേതം കണ്ടു മനസ്സിലാക്കുവിൻ.

പടപ്പേർമത്സരം

മേയ് 1954 :: വിവരണം :: സമ്മാനം 10ക.





- ★ മേൽ കാണിച്ച ചിത്രങ്ങൾ മേയ് പ്രതിയിൽ പ്രസിദ്ധപ്പെടുത്തും.
- ★ ഇതിന്നുതകിയ പേർജോടികൾ അയക്കുക. ഏററവും നന്നായ ജോടിക്ക് 10ക. സമ്മാനം കൊടുക്കും.
- ★ പേരുകൾ മാച്ച് 20-നു-ക്കു മുമ്പു ഇവിടെ കിട്ടേണ്ടതാകുന്നു.
- ★ പേരുകൾ അധികം നീണ്ടവയാവരുത്.

പേരയക്കേണ്ട വിലാസം:

'പടപ്പേർമത്സരം'
ചന്ദമാമ പബ്ളിക്കേഷൻസ്
വടപഴനി   മദ്രാസ്-26

കുറിപ്പ്: പേരുകൾ ഒററ കാർഡിലയക്കുക. ഏതു മാസത്തെ മത്സരം എന്നും കാണിക്കുക.

മാച്ചിലെ മത്സരഫലം

ഒന്നാം പടത്തിന്നു പേർ : "ഭൃത്യനിഷ്ഠ"
രണ്ടാം പടത്തിന്നു പേർ : "കൃത്യനിഷ്ഠ"

എഴുതിയ ആൾ: എൻ. സുബ്രഹ്മണ്യൻ   സുബ്രഹ്മണ്യന്നു അഭിനന്ദനം!

സമ്മാനം ഉടനെ അയക്കുന്നതാണ്.

May 1954

അമ്മാവൻ.

ഒന്നിന്നു; മറെറ മുറി നാളെ

പാത്തുക്കുട്ടിപണിക്കർ മഹാ സരസനാണു് എല്ലാവരായിട്ടും നാടപ്പം ഇരിപ്പമുള്ളൊരു വ്യക്തിയാണു്. നല്ലവണ്ണം പഠിച്ചിട്ടുണ്ടു്; ഫലിതം നന്നായി പറയും. ആരെയും തൃപ്തിപ്പെടുത്തുന്നൊരു ആകൃതിയും പ്രകൃതിയും ആയാൾക്കുണ്ടു്. ഈ സ്വഭാവംകൊണ്ടു വീട്ടിൽ പല വിരുന്നുകാരുമായി.

ഭാൎയ്യ കാൎയ്യത്തിന്നു പ്രാപ്തിയുള്ളൊരു സ്ത്രീയായിരുന്നു. ആദ്യകാലങ്ങളിലൊക്കെ ഭൎത്താവിന്നു അനുകൂലയായി ചൊന്ന പടി നടന്നിരുന്നു. കാലക്രമേണ അവൾ ഭൎത്താവിനോടുള്ള ബഹുമാനമൊക്കെ നിൎത്തി. ഈയാളുടെ ധൂൎത്തും അമ്മായിത്തരവുമൊന്നും അവൾക്കു പിടിക്കണ്ണെ മാറി. കാരണം കുട്ടികൾ മൂന്നുനാലായി. സമ്പാദ്യം പണ്ടത്തെപോലെയൊന്നുമില്ല. ഗൃഹാവശ്യങ്ങൾക്കുതന്നെ ബുദ്ധിമുട്ടു. ഇതിന്നു പുറമെയാണു ഈയാളുടെ വിരുന്നുകാരും സ്നേഹിതന്മാരും! പെണ്ണുങ്ങൾക്കു പിടിക്കുമോ? എന്നാൽ ഈ ചക്കാത്തു ചായക്കും ചോററിന്നും വരുന്നവൎക്കു തൊലിക്കു പുളി വേണ്ടേ? മറെറാരുത്തന്റെ മര്യാദയെ പാടെ കൊള്ള ചെയ്യുക എന്നു വെച്ചാലും അതിരൊക്കെ വേണ്ടേ? വെറുതെ കിട്ടിയാൽ സേവയും പറഞ്ഞു നക്കിക്കൂട്ടുന്ന ജന്തുക്കൾ! പണിക്കൎക്കു മുഖം മറിച്ചൊന്നും പറകയും വയ്യ. അതിനാൽ വരുന്നവരോടൊക്കെ മര്യാദ കാണിക്കയും വേണം.

ഭാര്യ പലവുരു അതിനെസംബന്ധിച്ചു പണിക്കരോടു പറഞ്ഞു. അവൾ ശകാരിച്ചു; മാത്രമല്ല—പുറത്തു പറയാൻ കൊള്ളില്ല—ചിലപ്പോഴൊക്കെ അവൾ കയ്യിൽ കിട്ടിയതു വെച്ചു കൊടുക്കാനും തുടങ്ങി!

പണിക്കർ രസികനും ബുദ്ധിമാനുമൊക്കെ തന്നെ. പക്ഷെ 'ഭാര്യ' എന്നു പറഞ്ഞാൽ ഉശരു പടി കടക്കും

അങ്ങിനെ സ്ത്രീകൾ അടങ്ങിയൊതുങ്ങി ജീവിക്കുന്ന ഒരു മനുഷ്യനാണു ആ ഭാഗ്യവാൻ!

ഭാര്യയുടെ സൌന്ദര്യം, പണം, അവളുടെ ബന്ധുക്കളുടെ പ്രതാപം, ഇതിനൊക്കെ പുറമെ അവളുടെ നാവു് ഇതിനൊക്കെ ആസ്പദിച്ചാണല്ലൊ ഭർത്താവിന്റെ ഭക്തിബഹുമാനാദികൾ! ഈ വകയൊക്കെയും പണിക്കരുടെ പത്നിക്കുണ്ടായിരുന്നു പിന്നെന്താ?

പണിക്കർ ഭാര്യയുടെ തല്ലും ചീത്തയും ഭയന്നു ദിവസവും രാവിലെ എഴുനേറ്റുപോയാൽ രാത്രിയേ വീട്ടിൽ വരുള്ളൂ. എന്നാൽ ആരും തന്നെ തിരഞ്ഞു വീട്ടിൽ വരില്ലല്ലൊ! അങ്ങിനെ വീട്ടിൽ കുറെ ലഹളയും കുറഞ്ഞു.

ഒരുദിവസം രാത്രി പണിക്കർ മടങ്ങിവരുമ്പോൾ ചില സ്നേഹിതന്മാർ കൂടെ കൂടി. വർത്തമാനം പറഞ്ഞു പണിക്കർ അവരെ മടക്കുവാൻ പലതും ശ്രമിച്ചു. ഫലിച്ചില്ല. അവർ പണിക്കരുടെ കൂടെ വീട്ടിലേക്കു പോയി. 'അറക്കാൻ കൊണ്ടുപോകുന്ന ആടിന്റെ' ഭയമായിരുന്നു പണിക്കർക്കു്.

വീട്ടിലെത്തി. സ്നേഹിതന്മാർ ഉമ്മറത്തിരുന്നു. പണിക്കർ അകത്തു കടന്നു ഭാര്യയോടു സങ്കോചത്തോടെ സ്നേഹിതന്മാരും ഉണ്ണാനുണ്ടാവുമെന്നു പറഞ്ഞു. ഇതു കേൾക്കേണ്ട താമസം! അവൾ എഴുനേറ്റു ചെകിടത്തൊന്നു പൊട്ടിച്ചു. അടിയുടെ ശബ്ദം പുറത്തു കേൾക്കത്തക്കതായിരുന്നു. പണിക്കർക്കു വേദനയേക്കാൾ സ്നേഹിതന്മാർ ഇതറിയുമോ എന്ന ഭയമായി. ഉടനെ "ശരി, ഒന്നിന്നു; മറ്റെ മുറി നാളെ"ക്കും എന്നൊക്കെ പറഞ്ഞു.

ആയാൾ വിചാരിച്ചു സ്നേഹിതന്മാർ ആ ശബ്ദത്തെ തേങ്ങയുടക്കുന്ന ശബ്ദമായി കരുതിക്കൊള്ളുമെന്നു്. പക്ഷെ അവർ ഈ കയ്യാംകളി ജനലിൽക്കൂടെ കണ്ടു. പേടിച്ചിട്ടുതന്നെയാവാം, അവർ കമ്പി നിട്ടി.


വിജയപ്രദമായി
ഓടുന്നു
വിജയാവിൻ
ചന്ദ്രഹാരം
Directed by
K. KAMESWARARAO, B.A.
Produced by NAGIREDDI & CHAKRAPANI

Printed by B. NAGI REDDI at the B. N. K Press Ltd., Madras 26, and Published by him for Chandamama Publications. Madras 26. Controlling Editor: SRI 'CHAKRAPANI

Photo by P. K. Patel



തിരഞ്ഞെടുത്ത
പേർ:

“കൃത്യനിഷ്ഠ”

ആളുടെ പേർ
എൻ. സുബ്രഹ്മണ്യൻ

AMBILI AMMAVAN (Malayalam) MARCH 1954 Regd, No. M. 6133



ചിത്രകഥ – 1